ട്ടിൽ ആണ്. ആ സ്ഥാപനം നടത്തുന്നത് ഇൻഡ്യാ ഗവൺമെൻറിനു നിയന്ത്രണമുള്ള ഇൻഡസ്ട്രീയൽ റീ കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഓഫ് ഇൻഡ്യയും കാനറാ ബാങ്കും ചേർന്നാണ്. എട്ടുമാസക്കാല മായി ഫാക്ടറി ലോക്കൗട്ട് ചെയ്തുകൊണ്ട് തൊഴിലാളികളെ പീഡിപ്പിക്കുന്ന നയം സ്വീകരിച്ചിരിക്കുകയാണ്. 1970 മുതൽ പ്രവർത്തിക്കുന്ന വലിയ ഒരു സ്ഥാപനമാണ് ഇത്. ലോക്കൗട്ട് ഉണ്ടായ ശേഷം ഗവൺമെൻറ് കോൺഫറൻസ് വിളിച്ചുകൂട്ടി. പക്ഷേ ആ കോൺ ഫറൻസിൽ സംബന്ധിക്കാൻപോലും മാനേജ്മെൻറ് തയ്യാറായിക്കാണുന്നില്ല. ഇൻഡ്യാ ഗവൺമെൻറിനു നിയന്ത്രണമുള്ള ഒരു സ്ഥാപനംപോലും തൊഴിലാളികളുടെ കാര്യത്തിൽ ഇത്തരത്തിൽ ഒരു സമീപനം സ്വീകരിച്ചത് ആക്ഷേപാർഹമാണ്. ആ സ്ഥാപനം മിസ് മാനേജ്മെൻറ് മൂലമാണ് തകർന്നത്. ആറു വർഷക്കാലമായി ഐ.ആർ.സി.ഐ.ക്കുവേണ്ടി പ്രവർത്തിക്കുന്ന മാനേജർമാരുടെ തെറ്റായ നടപടികൊണ്ടുമൂലം ആ സ്ഥാപനം ഇന്നു രണ്ടുകോടി രൂപയുടെ നഷ്ടത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഈ തരത്തിൽ കേരളത്തിലെ പ്രധാനപ്പെട്ട ഒരു വ്യവസായ സ്ഥാപനം ലോക്കൗട്ടിലായി എട്ടു മാസമായിട്ടും ആ സ്ഥാപനം പുനരുദ്ധരിക്കുവാൻ തയ്യാറാകുന്നില്ല. ഇപ്പോഴത്തന്നെ ഐ.ആർ.സി.ഐ. ഈ ഫാക്ടറിയെ കൈയൊഴിഞ്ഞ് നാനൂറോളം തൊഴിലാളികളെ വഴിയാധാരമാക്കിക്കൊണ്ട് സ്വകാര്യ മാനേജ്മെൻറിനു അത് കൈമാറാനുള്ള ആലോചനയിലാണ്. ഇതു വളരെ ആക്ഷേപാർഹമായ ഒരു കാര്യമാണ്. സംസ്ഥാന ഗവൺമെൻറ് ഈ കാര്യത്തിൽ ഇടപെടണമെന്നാണ് എൻറെ അഭ്യർത്ഥന. കേരളത്തിലെ തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ കഴിഞ്ഞ എട്ടു മാസക്കാലമായി തുടർന്നുവരുന്ന ലോക്കൗട്ട് അവസാനിപ്പിക്കാൻ തയ്യാറാകണം. ആ സ്ഥാപനം ഏറ്റെടുത്തു നടത്താൻ ഗവൺമെൻറ് തയ്യാറാകണമെന്നുള്ളത് ന്യായമായ ഒരാവശ്യമാണ്.

പലപ്രാവശ്യം കോൺഫറൻസ് വിളിച്ചുകൂട്ടി. പക്ഷേ ഐ.ആർ.സി.ഐ. സഹകരിക്കുന്നില്ല. ഏറ്റവും അവസാനമായി കോൺഫറൻസിൽ പറഞ്ഞത് ഈ സ്ഥാപനം ഇനി നടത്തിക്കൊണ്ടുപോകാൻ സാദ്ധ്യമല്ല എന്നാണ്. അതു പൂർണ്ണമായി ലിക്വിഡേറ്റ് ചെയ്ത് ആ സ്ഥാപനത്തെ വഴിയാധാരമാക്കാൻ ഐ.ആർ.സി.ഐ. ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർക്ക് അടുത്ത ദിവസം തുടരാം.

VII. പ്രമേയങ്ങൾ

(1) കേരളത്തിലെ മലയോരകൃഷിക്കാരിൽ അർഹരായവർക്ക് പട്ടയം കൊടുക്കൽ

ശ്രീ.എ.കെ.പത്മനാഭൻ: സർ, ''കേരളത്തിലെ മലയോര കൃഷിക്കാരിൽ അർഹരായവർക്ക് പട്ടയം നൽകുന്നതിനുള്ള അടിയന്തിരനടപടി സ്വീകരിക്കണമെന്ന് ഈ സഭ ഗവൺമെൻറിനോട് ആവശ്യപ്പെടുന്നു'' എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സർ, നമ്മുടെ മലയോരപ്രദേശങ്ങളിൽ പത്തും മുപ്പതും വർഷക്കാലമായി കരിംപാറകളോടും കാട്ടുമൃഗങ്ങളോടും മല്ലടിച്ചുകൊണ്ട് ആയിരക്കണക്കിനു കൃഷിക്കാർ ദേഹണ്ഡങ്ങൾ ഉണ്ടാക്കി ജീവിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അവർക്ക് പട്ടയം നൽകണമെന്ന ആവശ്യം ഇന്നോ ഇന്നലയോ തുടങ്ങിയതല്ല. 1968—ൽ അന്നുവരെ ഈ ഭൂമിയിൽ പ്രവേശിച്ച കൃഷിക്കാർക്ക് അന്നത്തെ ഗവൺമെൻറ് പട്ടയം കൊടുക്കാൻ തീരുമാനമെടുത്തു. 1977 വരെ കൃഷി ഭൂമിയിൽ പ്രവേശിച്ച ആളുകൾക്ക് പട്ടയം കൊടുക്കാൻ ഉള്ള തീരുമാന മെടുത്തു. അതിനുശേഷമുള്ള ആളുകളെ ഇറക്കിവിടുമെന്നാണ് ഗവൺ മെൻറ് പ്രഖ്യാപിച്ചത്. 1983 നവംബർ മാസത്തിൻ നമ്മുടെ സംസ്ഥാനത്ത് പട്ടയം കൊടുക്കുന്നതിനെച്ചൊല്ലി ഒട്ടേറെ വിവാദങ്ങൾ ഉയർന്നുവന്നതായി നമ്മൾക്ക് ഓർമ്മയുണ്ട്. നമ്മുടെ സംസ്ഥാന മന്ത്രിസഭയെത്തന്നെ അപകടത്തിലാകുമോ എന്നു തോന്നിപ്പിക്കുന്ന വിധത്തിലുള്ള അന്ത്യശാസനങ്ങളും മറ്റും ആ കാലഘട്ടത്തിൽ ഉയർന്നുവന്നു. അന്നു നമ്മുടെ റവന്യൂ വകുപ്പ് മന്ത്രി ശ്രീ. പി.ജെ. ജോസഫ് അടക്കമുള്ള കേരള കോൺഗ്രസ് (ജെ)യുടെ നേതാക്കൻമാർ, കേന്ദ്രഗവൺമെൻറിനെതിരായി പട്ടയം നൽകുന്നില്ല എന്ന ആക്ഷേപം ഉന്നയിച്ചുകൊണ്ട് കേന്ദ്രഗവൺമെൻറ് സ്ഥാപനങ്ങൾക്ക് മുൻപിൽ സമരം നടത്തിയ കാര്യവും ഓർമ്മയുണ്ട്. അന്നുണ്ടായിരുന്ന വെല്ലുവിളികളും അന്ത്യശാസനങ്ങളും ഒക്കെ ഒതുക്കിത്തീർത്തു. ഇന്നത്തെ ബാലകൃഷ്ണപിള്ളപ്രശ്നം പോലെ കേന്ദ്രഗവൺമെൻറിനെ സമീപിച്ചു കൊണ്ടാണ് ആ പ്രശ്നം ഒതുക്കിത്തീർത്തത്. അതിൽ ശ്രീ. പി.സി. അലക്സാണ്ടർ ഇടപെട്ടകാര്യമൊന്നും ഞാൻ പറയുന്നില്ല.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. സി. കെ. ചക്രപാണി)

എന്നിട്ട് കേന്ദ്രത്തിൽപോയി ഒരു ജോയിൻറ് വെരിഫിക്കേഷൻ നടത്തി അർഹതപ്പെട്ട മുഴുവൻ ആളുകൾക്കും പട്ടയം കൊടുക്കുമെന്നാണ് അന്ന് പ്രഖ്യാപിച്ചത്. അന്ന് നമ്മുടെ മുഖ്യമന്ത്രി പ്രഖ്യാപിച്ച ഒരു കാര്യം ഇന്നു ഞാൻ ഓർക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബാലകൃഷ്ണപിള്ള പ്രശ്നം പ്രധാനമന്ത്രിക്ക് വിട്ടു എന്നു പറഞ്ഞിട്ട് ആ പ്രശ്നം പരിഹരിക്കാൻ മുഖ്യമന്ത്രിക്ക് സമയമില്ലെന്നും പ്രധാനമന്ത്രിയുടെ ഓഫീസിലെ പ്യൂണി നോട് അത് പരിഹരിക്കാൻ ആവശ്യപ്പെട്ടുവെന്നുമുള്ള വിവരം ബഹുമാന പ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ.എ.കെ. പത്മനാഭൻ: അതറിയാം. അതിൽ നമ്മൾ അൽഭുത പ്പെടേണ്ട ആവശ്യമില്ല. ഇന്നലത്തെ ഒരു പത്രത്തിൽ എഴുതിയിട്ടുണ്ട്. 'ഓന്ത് ഓടിയാൽ വേലിവരെ' എന്ന്. അതുപോലെയാണ്. അതു കൊണ്ട് ആ കാര്യത്തിൽ എനിക്ക് ഒരൽഭുതവുമില്ല.

നമ്മുടെ മുഖ്യമന്ത്രി 1983 നവംബർ 11—ാം തീയതി പ്രഖ്യാപിച്ചു അർഹതപ്പെട്ട മുഴുവൻ ആളുകൾക്കും പട്ടയം കൊടുക്കാൻ അതിവേഗം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന്. നമ്മുടെ മലയാളഭാഷയുടെ നിഘണ്ടുവിൽ ഈ പദങ്ങൾക്കെല്ലാം പുത്തൻ അർത്ഥങ്ങൾ തേടേണ്ടിവരുന്ന സ്ഥിതിയാണുണ്ടായിട്ടുള്ളത്. അതിവേഗമെന്നുപറഞ്ഞാൽ രണ്ടുവർഷ മാണോ? ഇന്ന് മലയോരകർഷകർക്ക് പട്ടയം ലഭിക്കണമെന്ന് ആവശ്യമുന്ന യിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് വിവിധ മേഖലകളിൽ സമരം നടക്കുകയാണ്. ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രിയുടെ ജില്ലയായ ഇടുക്കിജില്ലയിൽ ഇന്ന് കർഷകസംഘത്തിൻറെ നേതൃത്വത്തിൽ പട്ടയം ലഭിക്കണമെന്ന ആവശ്യമുന്നയിച്ചുകൊണ്ട് മാർച്ച് സംഘടിപ്പിക്കാൻ തീരു മാനിച്ചുകഴിഞ്ഞു. ആരാണ് ഇതിന് തടസ്സമെന്ന് ഗവൺമെൻറ് വ്യക്തമാക്കണം. പട്ടയം കൊടുക്കുന്ന കാര്യത്തിലുള്ള തടസ്സം ആരുടെ

LIBRARY ARCHIVES Kerala Legislative Assembly

ഭാഗത്തുനിന്നാണ് ഉണ്ടാകുന്നത്? ഫോറസ്റ്റുകാരാണ് തടസ്സമെന്നു റവന്യൂവകുപ്പുകാർ പയറയുന്നു. റവന്യൂ വകുപ്പുകാരാണ് തടസ്സമെന്ന് ഫോറസ്റ്റുവകുപ്പുകാർ പറയുന്നു. ഇങ്ങനെ ഫോറസ്റ്റ് ഓഫീസിലും റവന്യൂ ഓഫീസിലും കയറിയിറങ്ങിക്കൊണ്ട് ഈ രാജ്യത്തെ പാവപ്പെട്ട മലയോരക്കൃഷിക്കാർ അങ്ങോട്ടുമിങ്ങോട്ടും ഓടേണ്ട ഗതികേടിലാണ് സംസ്ഥാന ഗവൺമെൻറ് അവരെ എത്തിച്ചിട്ടുള്ളത്. അത് അതിവേഗം കൊടുക്കുന്നതിനുള്ള നടപടികളും ഗവൺമെൻറിൻെറ ഭാഗത്തുനിന്നുമുണ്ടാകണം. എന്തുകൊണ്ടുണ്ടാകുന്നില്ല? നടപടികളുണ്ടാകുന്നില്ല എന്നു മാത്രമല്ല എന്താണ് സംഭവിക്കുന്നത്? 1977–നുശേഷം കുടിഒയറിപ്പാർത്തവർ കയ്യേറ്റക്കാരാണെന്നു പറഞ്ഞുകൊണ്ട് ഒട്ടേറെ ആളുകളെ കുടിയിറക്കുന്നതിനുള്ള നടപടികളാണ് ഗവൺമെൻറിൻെറ ഭാഗത്തുനിന്നുമുണ്ടാകുന്നത്. നമ്മുടെ സംസ്ഥാനത്തിൻെറ വിവിധ ഭാഗങ്ങളിൽ കുടിയിറക്കൽ നടപടികളും നടന്നുകൊണ്ടിരിക്കുന്നു. പത്തും മുപ്പതും വർഷക്കാലം ഭൂമിയിൽ അദ്ധ്വാനിച്ച് ദേഹണ്ഡങ്ങളുണ്ടാക്കിയ കൃഷിക്കാരെ പോലീസുകാരെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഫോറസ്റ്റുകാർ കുടിയിറക്കുന്ന സംഭവങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. പീച്ചിയിൽ കുടിയിറക്കിയതിനെ നമ്മുടെ രാഘവൻ പൊഴക്കടവിൽ എം.എൽ.എ. ഉൾപ്പെടെയുള്ള ആളുകളും ചേർന്നാണ് എതിർത്തിട്ടുള്ളത്. അതുപോലെ കൊല്ലം ജില്ലയിൽ ഒന്നു രണ്ടു പഞ്ചായത്തുകളിൽ കുടിയിറക്ക് നടന്നു. ആ കുടിയിറക്ക് നടന്ന സ്ഥലം ഗവൺമെൻറ് മിച്ചഭൂമിയായി പ്രഖ്യാപിച്ച് ഹരിജനകുടുംബങ്ങൾക്ക് കൊടുത്തതാണ്. ആ മിച്ചഭൂമിയിൽ നിന്നുപോലും കുടിയിറക്കുന്ന അവസ്ഥ ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് ഈ കുടിയിറക്കുന്ന നടപടികളും അടിയന്തിരമായി അവസാനിപ്പിക്കണം. അതുപോലെ റിസർവ് ഫോറസ്റ്റിലുള്ള ആളുകൾക്കു മാത്രം പട്ടയംകൊടുത്താൽ പോരാ. വെസ്റ്റേൺ ഫോറസ്റ്റിലുള്ള ആളുകൾക്കുകൂടി പട്ടയം കൊടുക്കുന്നതിനുള്ള നടപടികളുണ്ടാകണം. പട്ടയം കൊടുക്കുന്ന കാര്യം ഗവൺമെൻറ് കേന്ദ്രഗവൺമെൻറിനെയാണ് കുറ്റപ്പെടുത്തുന്നത്. കേന്ദ്രമാണ് അതിന് കുറ്റക്കാരെങ്കിൽ അത് തുറന്നു പറയാനുള്ള തൻേറടം കാണിക്കാൻ കേരള കോൺഗ്രസ്സിൻെറ മന്ത്രി ശ്രീമാൻ ജോസഫ് തയ്യാറാകുമോ? തയ്യാറാകുമെന്നുള്ള വിശ്വാസം എനിക്കില്ല. ശ്രീ. ബാലകൃഷ്ണപിള്ളയുടെ അനുഭവമുള്ളതുകൊണ്ട് ഒരു പക്ഷേ അദ്ദേഹം പറയുകയില്ലായിരിക്കാം. എന്നാൽ നമ്മുടെ ഗവൺമെൻറ് ചെയ്യേണ്ട ചില കാര്യങ്ങളിൽ അനാസ്ഥ കാണിക്കുന്ന സംഭവങ്ങളുണ്ടായിട്ടുണ്ട്. എൻെറ നിയോജകമണ്ഡലത്തിൽ കൂത്താളി കൃഷിഭൂമിയിൽ 100 ഹെക്ടർ സ്ഥലം അർഹതപ്പെട്ട ആളുകൾക്ക്, ഭൂമിയില്ലാത്ത ആകുളുകൾക്ക് വിതരണം ചെയ്യാൻവേണ്ടി നീക്കിവച്ചതായിരുന്നു. അത് നീക്കിവച്ചുകൊണ്ട് അതിനുള്ള അപേക്ഷകൾ ക്ഷണിച്ചു. 1983–ൽ ചെക്കിട്ടപ്പാറ ഗ്രാമോൽസവ പഞ്ചായത്തിൻെറ ഉൽഘാടനചടങ്ങിൽ പങ്കെടുത്തുകൊണ്ട് നമ്മുടെ റവന്യൂവകുപ്പുമന്ത്രി ശ്രീ. ജോസഫ് പ്രഖ്യാപിച്ചു. 1983 മാർച്ച് 31–നുള്ളിൽ ഈ ആളുകൾക്കുമുഴുവൻ പട്ടയം കൊടുക്കുവാനുള്ള ഭൂമി പതിച്ചുകൊടുക്കുമെന്ന്. അത് അങ്ങേയ്ക്ക് ഓർമ്മയുണ്ടാകുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. 1983 മാർച്ച് കഴിഞ്ഞു, 1985 മാർച്ച് കഴിഞ്ഞു. ഇന്നേവരെ ആ ഭൂമി വിതരണം ചെയ്യുവാനുള്ള നടപടികളും എടുത്തില്ല. എന്താണ് തടസ്സം? ഒരു അസൈൻമെൻറ് കമ്മിറ്റിയുണ്ടാക്കാനുള്ള തടസ്സമാണെന്നാണ് പറയുന്നത്. ഇന്ന് അഞ്ചും പത്തും വർഷമായി അവിടെയും ആളുകൾ കുടിയേറിപ്പാർത്തു കഴിഞ്ഞിരിക്കുകയാണ്. അവരെ കുടിയിറക്കാൻ നിങ്ങൾക്കു സാധിക്കുമോ? സാധിക്കുമെന്നുള്ള വിശ്വാസം എനിക്കില്ല;

LIBRARY ARCHIVES Kerala Legislative Assembly

സാധിക്കാത്ത സ്ഥിതിയിലേക്ക് എത്തിച്ചേർന്നിരിക്കുന്നു. അതുപോലെ ആ മലയോര പ്രദേശങ്ങളിലെ പന്നിക്കോട്ടൂർ, പെരുവണ്ണ, പേരാമ്പ്ര തുടങ്ങിയ വില്ലേജുകളിൽ നിങ്ങളുടെ പാർട്ടിയിൽപ്പെട്ടവരുൾപ്പെടെ ഒട്ടേറെ ആളുകൾക്ക് പട്ടയം കിട്ടാത്ത സംഭവങ്ങളുണ്ട്. ആ പട്ടയം കിട്ടാൻ ഇനി ആരെ ആശ്രയിക്കണമെന്നുള്ളതിനെക്കുറിച്ച് അവിടത്തെ കൃഷിക്കാർ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. മുതുകാട് കോളനിയിൽ 17 ആദിവാസി കുടുംബങ്ങൾക്ക് ഒരേക്കർഭൂമി പതിച്ചുകൊടുക്കണമെന്ന് കോഴിക്കോട് ജില്ലാ കളക്ടർ ഗവൺമെന്റിനോട് ശുപാർശ ചെയ്തിട്ടും ഇതുവരെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ഇങ്ങനെ ആദിവാസികുടുംബങ്ങൾക്ക് പട്ടയം കൊടുക്കാനുള്ള നടപടികളെടുക്കുന്നില്ല. അതുപോലെ അർഹതപ്പെട്ട, ഭൂമിയില്ലാത്ത ആളുകൾക്ക് പട്ടയം കൊടുക്കാൻ നടപടിയെടുക്കാൻ സാധിക്കാത്ത സ്ഥിതിയാണ് ഇന്നുള്ളത്. ഈ മലയോര കൃഷിക്കാർക്ക് അടിയന്തിരമായി പട്ടയം കൊടുക്കാനുള്ള നടപടികളും ഏത് തീയതിയ്ക്കുള്ളിൽ നടപ്പിലാക്കാൻ കഴിയുമെന്ന് ഈ ഗവൺമെന്റിന് പ്രഖ്യാപിക്കാൻ കഴിയുമോ എന്നതാണ് ഈ സന്ദർഭത്തിൽ എനിക്ക് ചോദിക്കുവാനുള്ളത്. ഒരു പക്ഷേ, ഈ പ്രമേയം ഗവൺമെന്റ് അംഗീകരിച്ചേക്കാം. പ്രമേയം അംഗീകരിക്കുന്നതിന് ഗവൺമെന്റിനു യാതൊരു തടസ്സവുമില്ല. ഒട്ടേറെ പ്രമേയങ്ങളും പ്രഖ്യാപനങ്ങളും നടത്തിയ ആളുകളാണ് നിങ്ങൾ. ആ പ്രഖ്യാപനങ്ങളൊന്നും നടപ്പിലാക്കാനുള്ളതല്ല; നടപ്പിലാക്കാൻ പോകുന്നില്ല എന്ന് അനുഭവങ്ങളുടെ വെളിച്ചത്തിൽ നമുക്ക് മനസ്സിലായിട്ടുണ്ട്. അതുകൊണ്ട് പ്രമേയം അംഗീകരിച്ചതുകൊണ്ടുമാത്രം കാര്യമായില്ല. അടിയന്തിരമായി ഈ പട്ടയം കൊടുക്കാനുള്ള നടപടികളും സ്വീകരിക്കണം. ഏത് തീയതിക്കുള്ളിൽ ഇത് കൊടുക്കാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ച് ഈ സഭയിൽ പ്രഖ്യാപിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം. കേരളത്തിലെ കൃഷിക്കാരാണെങ്കിൽ, നമുക്കറിയാം മലയോരകൃഷിക്കാർതന്നെ ഒട്ടേറെ വർഷത്തെ ത്യാഗോജ്ജ്വലമായ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ് ഇന്ന് ഈ സ്ഥിതിയിൽ എത്തിച്ചേർന്നിട്ടുള്ളത്. നമ്മുടെ മലയോരക്കൃഷിക്കാരിൽ, പല സ്ഥലങ്ങളിൽ നിന്നും പല പ്രദേശത്തുനിന്നും കുടിയേറിപ്പാർത്തിട്ടുള്ള ആളുകളുണ്ട്. അങ്ങനെ കുടിയേറിപ്പാർത്ത ആളുകൾക്ക് പട്ടയം ലഭിക്കാത്തതിന്റെ ഫലമായി ബാങ്കുകളിൽ നിന്നും ലോൺ കിട്ടുന്നില്ല. വീട്ടാവശ്യത്തിനുള്ള ലോൺ കിട്ടുന്നില്ല. ഇങ്ങനെ ധാരാളം പ്രയാസങ്ങളും തടസ്സങ്ങളും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്, നമ്മുടെ കേരളത്തിലെ മലയോരഭൂമിയിലെ പട്ടയം കിട്ടാത്ത ആളുകൾ. ആ കർഷകരോട് അൽപ്പം ദയാപൂർണ്ണമായ സമീപനമെടുക്കണമെന്നാണ് ഈ സന്ദർഭത്തിൽ എനിക്കഭ്യർത്ഥിക്കാനുള്ളത്. നമ്മുടെ മലയോര കർഷകരിൽതന്നെ അർഹതയുള്ള ആളുകളെ കണ്ടുപിടിക്കാനുള്ള ജോയിന്റ് വെരിഫിക്കേഷൻ നടപ്പിലാക്കുവാനുള്ള തടസ്സം ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്നുമാണെങ്കിൽ ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാരോട് ആ തടസ്സം നീക്കാനാവശ്യമായ നടപടി സ്വീകരിക്കാൻ ആവശ്യപ്പെടുന്നതിന് ഗവൺമെന്റ് എന്തുകൊണ്ട് മടിക്കുന്നു? കഴിഞ്ഞനിയമസഭാ സമ്മേളനകാലത്തുതന്നെ ഒരു നിവേദനം ഫോറസ്റ്റു വകുപ്പുമന്ത്രിക്ക് കൊടുക്കേണ്ടിവന്നു. ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാരാണ് ഇതിന് തടസ്സം, ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർ ജോയിന്റ് വെരിഫിക്കേഷൻ നടത്തിയിട്ട് അതിന്റെ റിപ്പോർട്ട് റവന്യൂ ഉദ്യോഗസ്ഥൻമാർക്ക് കൊടുക്കുന്നില്ല. അതുകൊണ്ട് ആ ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർക്ക് അടിയന്തിര നടപടികളിലേക്ക് നീങ്ങാനാവശ്യമായ നിർദ്ദേശം കൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കഴിഞ്ഞ നിയമസഭാ സമ്മേളനകാലത്തുതന്നെ ഫോറസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുമന്ത്രിക്ക് ഒരു നിവേദനം കൊടുത്തു. ആ നിവേദനത്തിന് ഇന്നേവരെ യാതൊരു മറുപടിയും കിട്ടിയിട്ടില്ല. അതുപോലെ റവന്യൂ ഭൂമി കൊടുക്കുന്ന കാര്യത്തിലുള്ള തടസ്സം ഈ കൂത്താളി ഭൂമിയിൽത്തന്നെ ഉണ്ടായിട്ടുണ്ട്. പ്ലാന്റേഷനുവേണ്ടി 341 ഹെക്ടർ ഭൂമി കൂത്താളിയിൽ നീക്കിവയ്ക്കാൻവേണ്ടി ഗവൺമെന്റ് 1981 സെപ്റ്റംബർ മാസത്തിൽ ഉത്തരവിട്ടു. ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് ഈ സംസ്ഥാനം ഭരിച്ചിരുന്നപ്പോഴും ആ ഗവൺമെന്റ് 341 ഹെക്ടർ ഭൂമി പ്ലാന്റേഷന് കൊടുക്കണമെന്ന് ഉത്തരവിട്ടു. പ്ലാന്റേഷന് 341 ഹെക്ടർ ഭൂമി കൊടുത്താൽ 250 താൽക്കാലിക ജീവനക്കാർക്ക് അവിടെ ജോലി കിട്ടും. റവന്യൂ വകുപ്പു പറയുന്നു ഫോറസ്റ്റുകാരാണ് തടസ്സമെന്ന്. ഫോറസ്റ്റിലെ ചീഫ് കൺസർവേറ്ററോട് ആവശ്യപ്പെട്ടു. ആ ഭൂമി അങ്ങ് എൽപ്പിച്ചുകൊടുത്തിട്ടുണ്ടെന്ന് നിരന്തരമായി ഈ നിയമസഭയിൽ ചോദിച്ചപ്പോഴും നിങ്ങളും പറയുകയുണ്ടായി. ചീഫ് കൺസർവേറ്റർക്ക് ഭൂമി ഏൽപ്പിച്ചുകൊടുക്കുന്നതിൽ എന്താണ് തടസ്സം? റവന്യൂ വകുപ്പും ഫോറസ്റ്റുവകുപ്പും തമ്മിലുള്ള ഈ തർക്കം മനഃപൂർവ്വമായി ഉണ്ടാകുന്നതാണോ എന്നെനിക്കറിയില്ല. ഏതായാലും ശരി, ഈ രാജ്യത്തെ കൃഷിക്കാരെ ആ തർക്കംകൊണ്ട് ബുദ്ധിമുട്ടിക്കരുത്. കൃഷിക്കാരെ അതിന്റെ ബലിയാടുകളാക്കി മാറ്റരുത്. കേരളാ കോൺഗ്രസ്സും കോൺഗ്രസ്സും തമ്മിൽ തർക്കമുണ്ടെങ്കിൽ ആ തർക്കം മറ്റു വഴിയ്ക്ക് തീർത്തുകൊള്ളണം. അതിൽ ഞങ്ങൾക്കാക്ഷേപമില്ല. പക്ഷേ റവന്യൂ വകുപ്പും ഫോറസ്റ്റ് വകുപ്പും പരസ്പരം അങ്ങോട്ടുമിങ്ങോട്ടും കുറ്റപ്പെടുത്തി എല്ലാ തടസ്സവുമുണ്ടാക്കുന്ന ഈ നടപടി അവസാനിപ്പിക്കണം. അതുകൊണ്ട് ഈ മലയോര കൃഷിക്കാർക്ക് അടിയന്തിരമായി പട്ടയം നൽകുവാനുള്ള അടിയന്തിരമായ നടപടി സ്വീകരിക്കണമെന്നും അത് ഒരു പ്രത്യേക തീയതിക്കുമുമ്പ് നിശ്ചയിക്കാനുള്ള നടപടികളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. സി.ടി. കൃഷ്ണൻ: സർ, ശ്രീ. എ. കെ. പത്മനാഭൻ ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. അതോടൊപ്പം പ്രമേയത്തിൽ ''അർഹരായവർക്ക്'' എന്നതിനുശേഷം ''മുഴുവൻ മലയോര കർഷകർക്കും 1985 ഡിസംബർ 31–നു മുമ്പ്'' എന്നു കൂടി ചേർക്കണമെന്നാവശ്യപ്പെടുന്നു. നമ്മുടെ നാട്ടിൽ പട്ടയം കൊടുക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ട് കുറെക്കാലമായി. പട്ടയമേള, പട്ടയവിതരണം, പട്ടയം കൊടുക്കൽ, പട്ടയദാനം ഇങ്ങനെ ഒട്ടേറെ പേരുകളിൽ കൊട്ടും കുരവയുമായി പെരുമ്പറയടിച്ച് ആനപ്പുറത്തു കയറി, മാറിമാറിവന്ന മന്ത്രിമാരും ഗവൺമെന്റുകളും പട്ടയ വിതരണം നടത്തിയിട്ടുണ്ട്. പക്ഷേ ഇന്നും പതിനായിരക്കണക്കിന് മലയോരക്കൃഷിക്കാർക്കും മറ്റു ഭൂമി കൈവശംവച്ചു താമസിക്കുന്നവർക്കും പട്ടയം ലഭിച്ചിട്ടില്ല എന്നുള്ളതാണ് സത്യം. ആയിരക്കണക്കിനുള്ള കുടികിടപ്പുകാർക്ക് പട്ടയം കിട്ടാത്ത സ്ഥിതി പാലക്കാട്ടുണ്ട്. അതുപോലെ റോഡ്, തോട്, റെയിൽവേ, പുഴ തുടങ്ങിയ റവന്യൂ പുറമ്പോക്കുകളിൽ താമസിക്കുന്ന ആയിരക്കണക്കിന് ആളുകൾക്ക് അവരുടെ കൈവശ ഭൂമിയ്ക്ക് യാതൊരു രേഖയുമില്ല. ഇങ്ങനെ പട്ടയമേളകൾ ഇവിടെ തകർക്കുമ്പോഴും പതിനായിരക്കണക്കിനാളുകൾ പട്ടയം കിട്ടാതെ വിഷമിക്കുകയാണ്.

മലയോര കർഷകരുടെ കാര്യംതന്നെ എടുത്തു പരിശോധിച്ചാൽ ഈ നിയമസഭാവേദിയിൽത്തന്നെ നിരവധി പ്രാവശ്യം ആവർത്തിച്ചു പറഞ്ഞിട്ടുള്ള കാര്യങ്ങളാണിതെല്ലാം. 1977 ജനുവരി മാസം 1–നു മുമ്പ് ഭൂമി

LIBRARY ARCHIVES Kerala Legislative Assembly

കൈവശം വച്ച സകല മലയോരകർഷകർക്കും പട്ടയം കൊടുക്കാൻ ഈ ഗവൺമെൻറ് നടപടിയെടുക്കുമെന്ന് ഇവിടെ ആവർത്തിച്ച് പറഞ്ഞിട്ടുള്ളതാണ്. ആരെല്ലാം പറഞ്ഞു. മുഖ്യമന്ത്രി ശ്രീമാൻ കെ. കരുണാകരൻ പറഞ്ഞതാണ്. വനം വകുപ്പുമന്ത്രി ശ്രീ. കെ.പി. നൂറുദ്ദീൻ പറഞ്ഞതാണ്. റവന്യൂവകുപ്പുമന്ത്രി ശ്രീ. പി.ജെ. ജോസഫ് പറഞ്ഞിട്ടുണ്ട്. 1977 ജനുവരി 1–ാം തീയതിക്കുമുമ്പ് നമ്മുടെ സംസ്ഥാനത്തുള്ള ഭൂമി കൈവശംവച്ച് കൃഷിചെയ്യുന്നവർക്കുമുഴുവൻ പട്ടയം കൊടുക്കുമെന്ന് പറഞ്ഞു. പക്ഷേ പട്ടയം കൊടുത്തോ? നിങ്ങൾ ആളുകളെ പറഞ്ഞുപററിക്കുകയല്ലേ? ഇവരെ വഞ്ചിക്കുകയല്ലേ? ഇതുവരെ കൊടുത്തിട്ടില്ല. 25–ഉം 30–ഉം വർഷങ്ങളായി ഭൂമി കൈവശം വച്ച് കൃഷി ചെയ്യുന്നവരാണ്, മലയോരകർഷകർ. അവിടെ വീട് ഉണ്ട്, തെങ്ങ് ഉണ്ട്, കപ്പ ഉണ്ട്, റബ്ബർ ഉണ്ട് പല ഫലവൃക്ഷങ്ങളുമുണ്ട്. പക്ഷേ അവർക്ക് ഇന്ന് കൈവശഭൂമിക്ക് രേഖയില്ല. രേഖയില്ലാത്തതുകൊണ്ട് യാതൊരുവിധ സഹായമോ, കടമോ ഗവൺമെൻറ് ആനുകൂല്യമോ അവർക്ക് ലഭിക്കുന്നില്ല. പിന്നെ ഇവിടെ പറഞ്ഞു കേട്ടു. കേന്ദ്ര ഗവൺമെൻറിൽ ഒരു വന സംരക്ഷണ ഓർഡിനൻസ് ഉണ്ട്. അതുകൊണ്ടാണ് പട്ടയം കൊടുക്കാത്തതെന്ന്. കേന്ദ്ര ഗവൺമെൻറ് പ്രഖ്യാപിച്ച ഓർഡിനൻസ് മനുഷ്യനും മലയോരകർഷകർക്കും ആവശ്യമില്ലാത്തത് മാറാൻ ഈ ഗവൺമെൻറിന് ആവശ്യപ്പെട്ടുകൂടേ? മാറുന്നതിനുവേണ്ടി നടപടി എടുത്തുകൂടേയെന്നാണ് ഞാൻ ചോദിക്കുന്നത്. കേന്ദ്രഗവൺമെൻറിൻെറ ഒരു വന സംരക്ഷണ ഓർഡിനൻസ് ഉണ്ട്. അതുകൊണ്ട് വനഭൂമി ഇങ്ങനെ കൊടുക്കാൻ പാറില്ലെന്നുപറഞ്ഞ് ആളുകളെ കബളിപ്പിക്കുന്നത് ശരിയല്ല. പത്തും ഇരുപതും കൊല്ലമായി അവിടെ താമസിക്കുന്ന കർഷകരെ കേന്ദ്ര ഗവൺമെൻറല്ല കേന്ദ്രഗവൺമെൻറിൻെറ പട്ടാളംവന്നാലും ശ്രീമാൻ വയലാർ രവിയുടെ പോലീസ് വന്നാലും അവിടെനിന്നും ഇറക്കിക്കൊണ്ടുപോകാൻ പോകുന്നില്ല. പരമ്പരാഗതമായി നിരവധി വർഷങ്ങളായി തലമുറതല മുറകളായി താമസിച്ചുവരുന്നവരാണ് അവർ. ഗവൺമെൻറിൻെറ അലംഭാവവും അനാസ്ഥയും കൊണ്ടുമാത്രമാണ് അവർക്ക് പട്ടയം കിട്ടാതിരിക്കുന്നത്. റവന്യൂവകുപ്പും വനംവകുപ്പും തമ്മിൽ ഒരു സംയുക്ത വെരിഫിക്കേഷൻ ഉണ്ടെന്നാണ് പറഞ്ഞുകേൾക്കുന്നത്. പാലക്കാട് ജില്ലയിൽ റവന്യൂവകുപ്പും വനംവകുപ്പും തമ്മിൽ പരിശോധനയും സർവ്വേയും അന്വേഷണവുമൊന്നും നടത്തിയിട്ടില്ല; ഞാൻ കളക്ടറോട് അന്വേഷിച്ചപ്പോൾ പറഞ്ഞതാണ്. അതുകൊണ്ട് അത് അന്വേഷിക്കണം. അങ്ങനെയുള്ള സ്ഥലങ്ങളിൽ പട്ടയം കൊടുക്കണം. മലയോരകർഷകർ താമസിക്കുന്നത് റിസർവ്വ് ഫോറസ്റ്റാണോ വെസ്റ്റേൺ ഫോറസ്റ്റാണോ, മറ്റ് ഭൂമിയാണോ എന്നൊക്കെ പരിശോധിക്കുന്നത് ഈ കമ്മിറ്റിയാണത്രേ. ആ കമ്മിറ്റി അത് അന്വേഷിച്ചിട്ടില്ല. ഒരു പരിശോധനയും നടക്കുന്നില്ല. പിന്നെ എങ്ങനെ പട്ടയം കൊടുക്കും? ഞാൻ ഇവിടെ പലപ്രാവശ്യം ആവർത്തിച്ചിട്ടുള്ളതാണ്. റവന്യൂ വകുപ്പു മന്ത്രിക്ക് നേരിട്ടറിയാവുന്ന കാര്യങ്ങളാണ് എൻെറ നിയോജകമണ്ഡലത്തിൽപ്പെട്ട വണ്ടാഴി, കിഴക്കഞ്ചേരി പഞ്ചായത്തുകളിൽ ആയിരക്കണക്കിന് മലയോരകർഷകർക്ക് പട്ടയം കൊടുത്തിട്ടില്ല. അവർ ഈ സെക്രട്ടേറിയറ്റ് പടിക്കൽ നിരാഹാരസത്യാഗ്രഹം നടത്തി. ബഹുമാനപ്പെട്ട മന്ത്രി വലിയ താൽപ്പര്യം എടുത്തിട്ടുണ്ടെന്നൊക്കെ പറഞ്ഞു. ചില നടപടികളും എടുത്തു. അതുകൊണ്ട് മലയോരകർഷകർക്ക് പട്ടയം കിട്ടിയില്ല. ഉദ്യോഗസ്ഥൻമാർ ഇപ്പോഴും വിഘടിച്ചുനിൽക്കുകയാണ്, വിമുഖത കാണിക്കുകയാണ്. അവിടെയുള്ള മലയോരകർഷകർക്ക് പട്ടയം കൊടുക്കണം. ഓടന്തോട്, കരിങ്കയം,

LIBRARY ARCHIVES Kerala Legislative Assembly

രണാപ്പുഴ, കടപ്പാറ, കുഞ്ചാർപതി, ആവളപ്പാറ, പാലക്കുഴി തുടങ്ങി നിരവധി പ്രദേശങ്ങളിൽ താമസിക്കുന്ന മലയോരകർഷകർ പട്ടയത്തിനുവേണ്ടി ആവശ്യപ്പെടുകയാണ്, മുറവിളികൂട്ടുകയാണ്. ഇടയ്ക്കിടയ്ക്ക് ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർ അവിടെ പോയി അവരുടെ കുടിലുകളും ചമയങ്ങളുമൊക്കെ വെട്ടിനശിപ്പിക്കുകയാണ്. പുതിയ കയ്യേറമാണെന്ന് തെറ്റിദ്ധരിക്കരുത്. പുതിയ കയ്യേറക്കാരെയല്ല ഫോറസ്റ്റുകാർ ഉപദ്രവിക്കുന്നതും കുടിലുകൾ നശിപ്പിക്കുന്നതും. വളരെക്കാലമായി താമസിച്ചുവരുന്നവരാണ്. ആ പ്രദേശത്തുള്ള ആളുകൾക്കുവേണ്ടി അടിയന്തിരമായിട്ടുള്ള ഒരു നടപടി ബഹുമാനപ്പെട്ട മന്ത്രി എടുത്തിട്ടുണ്ട്. പക്ഷേ ആ നടപടികൊണ്ട് പട്ടയം കിട്ടുന്ന സ്ഥിതിയല്ല ഉള്ളത്. ഉദ്യോഗസ്ഥൻമാർ തടസ്സം പറഞ്ഞു, അതിന് കേസുണ്ട്, സുപ്രീം കോടതിയിൽ കേസ് ഉണ്ട്, വൈൽഡ് ഫോറസ്റ്റാണ്, എന്നൊക്കെ പറഞ്ഞ് തർക്കങ്ങൾ ഉന്നയിക്കുകയാണ് അതൊന്നും ശരിയല്ല. അതിന് അടിയന്തിരമായി നടപടി സ്വീകരിക്കണം. ഇപ്പോൾ പട്ടയത്തെ സംബന്ധിച്ച് പല തർക്കങ്ങളും കേരളാ കോൺഗ്രസ്സ് തന്നെ ഇവിടെ ഉന്നയിച്ചതാണ്. പട്ടയം കിട്ടിയില്ലെങ്കിൽ ഞങ്ങൾ ഈ ഗവൺമെൻറ് തന്നെ വിടുമെന്ന് പറഞ്ഞതാണ്. കേരളാ കോൺഗ്രസ്സ് ശ്രീമാൻ ബാലകൃഷ്ണപിള്ളയുടെ കാര്യത്തിൽ നാറി, അപമാനഭാരംപേറിക്കൊണ്ടിരിക്കുകയാണ്. കേരളാ കോൺഗ്രസ്സിൻെറ മുഖം രക്ഷിക്കാൻ ഞാൻ ഒരു മാർഗ്ഗം പറഞ്ഞുതരാം. അതൊന്ന് സ്വീകരിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ശ്രീമാൻ ബാലകൃഷ്ണപിള്ളയെ മന്ത്രിയാക്കിയില്ലെങ്കിൽ ഇറങ്ങിപ്പോകുമെന്നു പറഞ്ഞാൽ നാട്ടിൽ ഒരു ചത്തപട്ടിപോലും നിങ്ങളെ തിരിഞ്ഞുനോക്കില്ല. അതുകൊണ്ട് പട്ടയം കൊടുക്കുവാൻ ഈ ഗവൺമെൻറ് തീരുമാനിക്കുന്നില്ലെങ്കിൽ നിശ്ചിത സമയത്തിനകത്ത് പട്ടയം കൊടുക്കുവാൻ കഴിയുന്നില്ലെങ്കിൽ ഞങ്ങൾ ഇറങ്ങിപ്പോകുമെന്നു പറഞ്ഞാൽ ആയിരക്കണക്കിന് മലയോരകർഷകരുടെയും മറ്റുള്ളവരുടെയും പിന്തുണ നിങ്ങൾക്ക് ഉണ്ടാകും. അതുകൊണ്ട് മുഖം രക്ഷിക്കാൻ ഇങ്ങനെ ഒരു പ്രഖ്യാപനം നടത്തിയാൽ തരക്കേടില്ലെന്നാണ് എനിക്ക് പറയാനുള്ളത്. കേരളാ കോൺഗ്രസ് ഇല്ലെങ്കിൽ കേരളഭരണമില്ലെന്നാണ് നിങ്ങൾ ഇപ്പോൾ പറയുന്നത്. അതുകൊണ്ട് പട്ടയമില്ലായെങ്കിൽ കൂട്ടുകെട്ടില്ലെന്ന് ഒന്ന് പറഞ്ഞുകൂടേ? മലയോര കർഷകരുടെ മർമ്മപ്രധാനമായിട്ടുള്ള ഒരാവശ്യമെന്ന നിലയിൽ, നമ്മുടെ സംസ്ഥാനത്തിൻെറ പ്രധാനമായ ഒരാവശ്യമെന്നുള്ള നിലയിൽ, ഭരണകക്ഷി–പ്രതിപക്ഷകക്ഷികളെല്ലാം ആവശ്യപ്പെട്ടിട്ടുള്ള ഒരാവശ്യമെന്ന നിലയിൽ പട്ടയം കൊടുക്കാനുള്ള നടപടി ഒരു നിശ്ചിത സമയത്തിനുമുമ്പ് 1985 ഡിസംബർ മാസത്തിനുമുമ്പ് സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എൻെറ ഭേദഗതി അവതരിപ്പിച്ചുകൊണ്ടും ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ.സി.കെ. തങ്കപ്പൻ: സർ, ഞാൻ എൻെറ ഭേദഗതി അവതരിപ്പിക്കുന്നു. പ്രമേയത്തിൽ 'മലയോരകൃഷിക്കാരിൽ' എന്നതിനു പകരം ''മലയോരകൃഷിക്കാരിലും കുടിതാമസക്കാരിലും'' എന്നു ചേർക്കുക. ഈ പ്രമേയം ഏകകണ്ഠമായി പാസാക്കണമെന്നുകൂടി ഞാൻ ഈ സഭയോട് ആവശ്യപ്പെടുകയാണ്.

മി. ചെയർമാൻ: സംസാരിക്കണമെന്നില്ല. കുറച്ചുസമയമേയുള്ളു. നമുക്ക് അമൻറ്മെൻറ് മൂവ് ചെയ്തിട്ട് സംസാരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ.കെ.ടി. കുണാരൻ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു. പ്രമേയത്തിൽ ''അർഹരായവർക്ക്'' എന്നതിനു മുമ്പ് ''കൈവശക്കാരായ'' എന്നു ചേർക്കുക.

ശ്രീ.സി.പി. മൂസ്സാൻകുട്ടി: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു. പ്രമേയത്തിൽ ''കൃഷിക്കാരിൽ അർഹരായവർക്ക്'' എന്ന വാക്കുകൾക്കുശേഷം ''ഒരു കാല പരിധിവച്ച്'' എന്നു കൂട്ടിച്ചേർക്കുക.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു. പ്രമേയത്തിൽ ''അർഹരായവർക്ക്'' എന്നതിനുപകരം ''അർഹരായവർക്കെല്ലാം'' എന്നു ചേർക്കുക.

ശ്രീ.കെ.കെ. തോമസ്: സർ, കേരളത്തിലെ മലയോര കർഷകരിൽ അർഹരായവർക്ക് പട്ടയം നൽകുന്നതിനുള്ള അടിയന്തിരമായ നടപടി സ്വീകരിക്കണമെന്ന് ഈ സഭയോടും ഗവൺമെന്റിനോടും ആവശ്യപ്പെടുന്നുവെന്ന പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. കേരളത്തിലെ മലയോരകർഷകരുടെ ചിരകാലാഭിലാഷമാണ് കൈവശഭൂമിക്ക് പട്ടയം കിട്ടുകയെന്നുള്ളത്. നമ്മുടെ സംസ്ഥാനത്തിന്റെ മൂന്നിൽ ഒരു ഭാഗം മലയോരപ്രദേശമാണ്. മലയോരപ്രദേശങ്ങളിൽനിന്നും ഏതാണ്ട് 60 ശതമാനം വിഭവശേഷി ഈ ഗവൺമെന്റ് ഉണ്ടാക്കിക്കൊടുക്കുന്നുണ്ട്. 1947–നു മുമ്പ് ഭക്ഷ്യസാധനങ്ങളുടെ ദൗർലഭ്യമുണ്ടായിരുന്ന കാലത്ത് കൂടുതൽ ഭക്ഷ്യസാധനങ്ങളും ഉൽപാദിപ്പിക്കുന്നതിനും ഗവൺമെന്റിന്റെ പ്രേരണമൂലവും തുടർന്നുജീവിക്കുന്നതിനുവേണ്ടി ഭൂമി അന്വേഷിച്ചുമൊക്കെ പ്രവേശിച്ചിട്ടുള്ളവരാണ് പ്രത്യേകിച്ച് ഇടുക്കി ജില്ലയിലും തൃശ്ശൂർ ജില്ലയിലും മലബാറിന്റെ പല പ്രദേശങ്ങളിലുമൊക്കെ കൈവശഭൂമിയുള്ള കൃഷിക്കാർ. ഇവരുടെ ആഗ്രഹം സഫലീകരിക്കുന്നതിന് നിരന്തരമായ പരിശ്രമങ്ങളും നടക്കുന്നുണ്ട്. വനഭൂമി കൈവശമിരിക്കുന്ന ഇടുക്കി ജില്ലയിൽ ഏതാണ്ട് എഴുപതിനായിരത്തോളം കുടുംബങ്ങൾക്ക് അഞ്ചു സെന്റുമുതൽ നാല് ഏക്കർ വരെ വിസ്തൃതിയുള്ള കൈവശഭൂമിക്ക് പട്ടയം കിട്ടാനുണ്ട്. ഇതിലധികവും വനഭൂമിയായിട്ടാണ് കിടക്കുന്നത്. ഈ ഭൂമിക്ക് പട്ടയംകിട്ടണമെന്ന ആവശ്യത്തിനുനേരെ പല സാങ്കേതിക തടസ്സങ്ങളുമുണ്ടായി. 1981–ലെ കേന്ദ്രഗവൺമെന്റിന്റെ വനസംരക്ഷണ നിയമം ഇതിനു തടസ്സമായിവന്നു. 1982–നു ശേഷം ഇത് കണക്കിലെടുത്തുകൊണ്ട് മലയോരകർഷകരുടെ ഭൂമിയെ വനഭൂമിയുടെ നിർവചനത്തിൽനിന്നു മാറ്റി കേന്ദ്രഗവൺമെന്റിന്റെ അനുമതി വാങ്ങുന്നതിന് ഈ ഗവൺമെന്റ് ശ്രമിച്ചുവരികയാണ്. മുപ്പതും നാല്പതും വർഷം പഴക്കമുള്ള കൈവശഭൂമിയെ വനനിയമത്തിൽനിന്നും മാറ്റി കൈവശകൃഷിക്കാർക്ക് ഭൂമിക്ക് സ്ഥിരാവകാശം നൽകുന്നതിന് ഈ ഗവൺമെന്റ് നടപടിസ്വീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് കേന്ദ്രഗവൺമെന്റിന് കൈവശകൃഷി ഭൂമിയുടെ മൊത്തം വിസ്തൃതിയുടെ ലിസ്റ്റ് ഗവൺമെന്റ് സമർപ്പിച്ചു. കേന്ദ്രഗവൺമെന്റ് പരിശോധിച്ചശേഷം വീണ്ടും സംസ്ഥാനഗവൺമെന്റിലേക്ക് അയച്ചുകൊടുത്തിരിക്കയാണെന്നാണ് എനിക്ക് ഏറ്റവും ഒടുവിലായി അറിയാൻകഴിഞ്ഞത്. അത് വനം ഡിപ്പാർട്ടുമെന്റ് പരിശോധിച്ചു കൊണ്ടിരിക്കുകയാണെന്നാണ് മനസ്സിലാക്കുവാൻ കഴിഞ്ഞത്. കർഷകർക്ക് വളരെയേറെ നിരാശയുണ്ടാകുന്ന പട്ടയപ്രശ്നം പരിഹരിച്ച് മലയോരകർഷകരെ ഗവൺമെന്റിനു രക്ഷിക്കാൻ കഴിയും. 1–1–1977–ന് മുമ്പുള്ള മുഴുവൻ കൃഷിക്കാർക്കും പട്ടയം

LIBRARY ARCHIVES Kerala Legislative Assembly

നൽകുമെന്നുള്ളത് ഈ ഗവൺമെൻറ് പ്രഖ്യാപിച്ച നയമാണ്. അത് നടപ്പിലാക്കുന്നതിന് ഫോറസ്റ്റ് റൈറ്റ്സ് സെറ്റിൽമെൻറ് ഏറ്റവും വേഗം പരിശോധന പൂർത്തിയാക്കി ലിസ്റ്റ് അയച്ചുകൊടുത്ത് കേന്ദ്രാനുമതി വാങ്ങണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഈ കാര്യത്തിൽ ഗവൺമെൻറ് ഒട്ടും അലസമനോഭാവം കാണിക്കരുത്. കാരണം മലയോരകർഷകർ ഈ ഗവൺമെൻറിൻെറ പിന്നിൽ നിൽക്കുന്നവരാണ്. ആരെല്ലാം എതെല്ലാം നിലയിൽ പരിഹാസം പറഞ്ഞാലും കേരളത്തിലെ മലയോരപ്രദേശങ്ങളിലെ ജനങ്ങളിൽ ഭൂരിഭാഗവും ഐക്യജനാധിപത്യമുന്നണിയുടെ കൂട്ടുകെട്ടിൽ നിൽക്കുന്നവരാണ് എന്നുള്ള വിശ്വാസം ഈ ഗവൺമെൻറിനുണ്ടാകണമെന്നുമാത്രമേ എനിക്ക് എടുത്തു പറയുവാനുള്ളു. ഇതു പറയുമ്പോൾ, ഇടുക്കി ജില്ലയിലെ പട്ടയം സ്റ്റേ ചെയ്യപ്പെട്ടിരിക്കുകയാണെന്ന കാര്യം മറക്കുന്നില്ല. കഴിഞ്ഞ മൂന്നുമാസത്തിനുമുമ്പ് ഞാനും റവന്യൂമന്ത്രിയും ഇരട്ടയാറിലെ കർഷകർക്ക് ഇലക്ട്രിസിറ്റിബോർഡിന് സ്ഥലം വിട്ടുകൊടുക്കുന്നതിനു നൽകുന്ന പകരം ഭൂമിക്ക് പട്ടയം നൽകുന്നതിനുവേണ്ടി ചെന്നയവസരത്തിൽ ഒരു സാമൂഹ്യ സംഘടനയുടെ പേരിൽ ഒരു സാമൂഹ്യദ്രോഹി പട്ടയ നടപടി സ്റ്റേ ചെയ്തുകൊണ്ട് ഹാജരാക്കിയ കടലാസാണ് നേരത്തേ എങ്ങനയോ രണ്ടേക്കർ ഭൂമിക്ക് ഏതോ ഒരു ആർ.ഡി.ഒ. ഉത്തരവ് നൽകി. അത് കിട്ടിയിട്ടില്ലെന്ന കാരണംപറഞ്ഞാണ് ടി സ്റ്റേ ഉണ്ടായത്. ഈ സ്റ്റേ മൂലം ഇടുക്കി ജില്ലയിൽ ഇന്ന് നടപടി പൂർത്തിയാക്കിയിരിക്കുന്ന പല കേസുകളിലും പട്ടയം കൊടുക്കാതിരിക്കുകയാണ്. ഇങ്ങനെയുള്ള സാമൂഹ്യദ്രോഹികളെ മലയോരകർഷകർക്ക് ദ്രോഹം ചെയ്യുന്നവരെ കയ്യാമം വയ്ക്കുന്നതിന് നിയമത്തിൽ ആവശ്യമായ ഭേദഗതി ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും മലയോരകർഷകർക്ക് പട്ടയം നൽകുന്ന കാര്യത്തിൽ ഗവൺമെൻറ് മുൻകൈയെടുത്ത് പരിശ്രമിക്കണമെന്ന് പറഞ്ഞുകൊണ്ടും ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. ടി. കണാരൻ: സർ, ഞാൻ എൻെറ ഭേദഗതിയോടുകൂടി ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്. സർ, പട്ടയത്തിൻെറ പ്രശ്നത്തിൽ കേരള കോൺഗ്രസ്സ് മാലോകരെ ബോദ്ധ്യപ്പെടുത്തുവാൻ വേണ്ടിയുള്ള ഒരു ചക്കളത്തി പോരാട്ടമാണ് ഇവിടെ നടത്തിയിട്ടുള്ളത്. എന്നാൽ മലയോരകർഷകരെ സംബന്ധിച്ചിടത്തോളം, പ്രത്യേകിച്ച് മലബാറിലെ മലയോരകൃഷിക്കാർ 1977 ജനുവരി 1-ാം തീയതിക്കുമുമ്പുള്ള നിക്ഷിപ്തവനഭൂമിയിലെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം എന്ത് നയം ആണ് ഗവൺമെൻറ് അംഗീകരിക്കുന്നത് എങ്കിൽ അടിയന്തിരമായി ഒരു ആറു മാസത്തിനിടയ്ക്കെങ്കിലും ആ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ആവശ്യമായ അന്വേഷണനടപടികളും നടത്തി പട്ടയം കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. 11 A.M.]

മലയോരകൃഷിക്കാർ ഇന്ന് നേരിടുന്ന പ്രശ്നങ്ങൾ നിരവധിയാണ്. കഴിഞ്ഞ 1984-ലും 1985-ലും ഒക്കെ ഉരുൾപൊട്ടലുണ്ടായി. ആ സാഹചര്യത്തിൽ മലയോരകൃഷിക്കാരുടെ നഷ്ടപ്പെട്ട ഭൂമിക്ക് രേഖകൾ ഇല്ലാത്തതിൻെറ ഫലമായിട്ട് നിരവധി കർഷകർ കണ്ണീരും കൈയുമായി കഴിയുന്നു. പത്തും പതിനഞ്ചും ഇരുപതും വർഷം തങ്ങളുടെ ഭൂമിയിൽ അധ്വാനിച്ച് കുഴിക്കൂർ ചമയങ്ങൾ ഉണ്ടാക്കിയിട്ടുള്ള കൃഷിക്കാരാണ് ഇന്നിതാ ഭൂരിതങ്ങൾ അനുഭവിക്കുന്നത്. അതുകൊണ്ട് മലയോരകൃഷിക്കാരെ കൈവശകൃഷിക്കാരെ സംബന്ധിച്ച് അന്വേഷണം നടത്തണം. ഇപ്പോൾ റേഞ്ച് അടിസ്ഥാനത്തിൽ നടത്തുന്ന ആ അന്വേഷണനടപടി ഒരു ഉപദേശകമ്മിറ്റി

LIBRARY ARCHIVES Kerala Legislative Assembly

സംഘടിപ്പിച്ച് ആ കമ്മിറ്റിയുടെ നിർദ്ദേശം അനുസരിച്ച്—അത് ഒരു വിവാദവിഷയമാണ്, ഓരോ പ്രദേശത്തേയും കൈവശക്കാർ ആര് എന്ന കാര്യത്തെക്കുറിച്ച് ഓരോ പ്രദേശത്തേയും കൈവശകൃഷിക്കാരുടെ ഭൂമി പരിശോധിച്ചാൽതന്നെ വ്യക്തമായ അർത്ഥത്തിൽ അത് മനസ്സിലാക്കാൻ കഴിയും. അന്വേഷണ നടപടികളും സ്വീകരിച്ച് അവർക്ക് പട്ടയം കൊടുക്കണം.

എന്റെ നിയോജകമണ്ഡലത്തിൽ കാവിലുംപാറയിൽ 700—ഓളം വരുന്ന ഒരു പ്രത്യേക സർവ്വേ നമ്പറിൽപെട്ടിട്ടുള്ള കൃഷിക്കാരുടെ ഭൂമിക്ക് തോട്ടക്കാരുടെ ഭൂമി എന്ന പരിഗണനവച്ചുകൊണ്ട് കഴിഞ്ഞ നാലഞ്ച് വർഷക്കാലമായി നികുതി മേടിക്കുന്നില്ല. അങ്ങനെ നികുതി മേടിക്കാത്തതിന്റെ ഫലമായി പട്ടയവുമില്ല അവർക്ക് കൈവശക്കൃഷിക്കാർ എന്നുള്ളതിന്റെ രേഖയുമില്ല. അതിന് പ്രത്യേകമായി നടപടി എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇപ്പോഴും അവിടെ കുന്നിൻമേൽ ലാൻഡ് ട്രൈബ്യൂണലിൽ ആഴ്ചതോറും കേസ്സിനു പോകണം. കൃഷിക്കാർ പോകും, മടങ്ങും. അവരോട് പറയുന്ന കാരണം റവന്യൂ ഇൻസ്പെക്ടർമാർ പ്രത്യേകം പ്രത്യേകം പരിശോധന നടത്തുന്നതിന്റെ കാലതാമസമാണെന്നാണ്. ആ കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടി ഒരു നിശ്ചിത കാലയളവിനകത്ത് ഈ കേസ്സുകളും തീർക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ പ്രത്യേക നിർദ്ദേശം കൊടുത്ത് നടപടി സ്വീകരിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. ഈ മലയോരകർഷകർക്ക് പട്ടയം ഇല്ലാത്തതിന്റെ ഫലമായി ഒരു കാര്യവും നടക്കുന്നില്ല. അവരുടെ കുടുംബജീവിതംതന്നെ വഴിമുട്ടിനിൽക്കുകയാണ്. ബാങ്ക് ലോണും അതുപോലുള്ള ആനുകൂല്യങ്ങളുമെല്ലാം തടയപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് ഒരു സമയപരിധിക്കകത്ത് മലബാറിലെ കൃഷിക്കാർക്ക്, അനുവദിക്കപ്പെട്ട വനഭൂമിയിലെ പട്ടയം കൊടുക്കാനുള്ള നടപടി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണമെന്നും ഈ പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കി അതിനനുസരണമായ നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. തോമസ് കല്ലംപള്ളി: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്. വളരെയേറെ തെറ്റിദ്ധരിപ്പിക്കപ്പെടുകയും കഷ്ടപ്പെടുകയും ചെയ്യുന്ന ഒരു ജനവിഭാഗത്തിനു വേണ്ടിയുള്ള ഈ പ്രമേയങ്ങളും പ്രശ്നങ്ങളും കഴിഞ്ഞ 1977-നു ശേഷമുള്ള എല്ലാ നിയമസഭകളിലും സ്ഥിരമായി കണ്ടുവരുന്ന ഒരു ഏർപ്പാടാണ്. എങ്കിലും നമ്മുടെ സംസ്ഥാനത്തെ മലയോരകൃഷിക്കാരുടെ പട്ടയം എന്ന സ്വപ്നം ഇതുവരെ സാക്ഷാത്കരിക്കപ്പെട്ടിട്ടില്ല എന്നുള്ളതാണ് സത്യം. കഴിഞ്ഞ ഒക്ടോബർ മാസത്തിൽ കേന്ദ്രഗവൺമെന്റിന്റെ പുതിയ നിബന്ധനപ്രകാരമുള്ള ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കിയ കേരള സംസ്ഥാനത്തെ മലയോര പ്രദേശങ്ങളിലുള്ള കർഷകർക്ക് പട്ടയം നല്കാനുള്ള റിപ്പോർട്ട് ഈ ഗവൺമെന്റ് സമർപ്പിച്ചതാണ് എന്ന് ഞാൻ മനസ്സിലാക്കുന്നു. കേന്ദ്രഗവൺമെന്റിന്റെ സാങ്കേതികത്വത്തിൽ ഒതുങ്ങി നിന്നുകൊണ്ട് ഇത് വീണ്ടും പരിശോധിക്കുന്നതിനായി ഈ റിപ്പോർട്ടുകളൊക്കെ മടക്കി അയച്ചിരിക്കുന്നു എന്നാണ് മനസ്സിലാക്കുന്നത്. കേന്ദ്രഗവൺമെന്റ് ഇക്കാര്യത്തിൽ സാങ്കേതികത്വത്തിൽ പിടിച്ചു നില്ക്കുന്നത് ഒരിക്കലും ശരിയല്ല. പട്ടയത്തിന്റെ കാര്യത്തിൽ ഈ പിടിവാശി എന്തിനാണെന്ന് എനിക്കു മനസ്സിലാകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

എന്റെ നിയോജകമണ്ഡലത്തിൽതന്നെ കോരുത്തോട് എന്നു പറയുന്ന മുണ്ടക്കയത്ത് ആറ് ഹൈസ്കൂളുകളും നിരവധി സർക്കാർ ആഫീസുകളും എല്ലാ ആരാധനാലയങ്ങളും ഉള്ള, അറുപതെഴുപത് വർഷങ്ങൾക്ക് മുമ്പ് ആളുകൾ കൈയേറിയ സ്ഥലം ഇന്നും വനഭൂമിയാണ് എന്ന് സർക്കാർ കണക്കുകളിൽ പറയുന്നതിന്റെ അർത്ഥവും ഔചിത്യക്കുറവും എന്താണെന്ന് ആർക്കും മനസ്സിലാകുന്ന കാര്യമാണ്. അതുപോലെ തന്നെ ഇടുക്കി പ്രോജക്ട് ഏരിയായിൽ നിന്ന് കുടിയിറക്കിയ നൂറുകണക്കിന് ആളുകളെ മുണ്ടക്കയം പഞ്ചായത്തിൽ കുടിയിരുത്തിയിട്ടുണ്ട്. അവർക്കാർക്കും പട്ടയം കൊടുത്തിട്ടില്ല. ഗ്രോ മോർ ഫുഡ് എന്നുള്ള സ്കീമിന്റെ പേരിലും റബ്ബർ പ്ലാന്റേഷൻ സ്കീമിന്റെ പേരിലും ഗവൺമെന്റ് ധനസഹായം കൊടുത്തു. ഭൂമി കൊടുത്ത മുണ്ടക്കയം എരുമേലി പഞ്ചായത്തുകളിൽത്തന്നെയുള്ളവർക്കൊന്നും പട്ടയം കൊടുത്തിട്ടില്ല. പട്ടയം കൊടുക്കുന്നത്, സാമ്പത്തിക ബുദ്ധിമുട്ടിൽ നില്ക്കുന്നു എന്നു പറയുന്ന ഒരു സർക്കാരിന് വളരെയേറെ വരുമാനം ഉണ്ടാക്കുന്ന ഒരു ഏർപ്പാടാണ് എന്നുള്ള നിലയിലെങ്കിലും ഈ ഗവൺമെന്റ് ഇവരോട് അനുഭാവപൂർവ്വമായ ഒരു നിലപാട് സ്വീകരിക്കണമെന്ന് ആണ് എന്റെ അഭ്യർത്ഥന.

തറവില, തടിവില കരക്കുടിശ്ശിക എന്നീ ഇനത്തിലൊക്കെ ഒരേക്കറുകാരന്റെ പട്ടയഭൂമിയിൽനിന്നുതന്നെ ഗവൺമെന്റിന് ഏറ്റവും കുറഞ്ഞത് ആയിരം രൂപയെങ്കിലും കിട്ടുമെന്നിരിക്കെ ഈ പട്ടയം കൊടുക്കാതിരിക്കുന്നതിനുള്ള കാരണങ്ങൾ എന്താണെന്നു മനസ്സിലാകുന്നില്ല. കേരള ഗവൺമെന്റ് എത്ര ശുഷ്കാന്തി കാണിച്ചാലും കേന്ദ്രഗവൺമെന്റ് ചില സാങ്കേതിക ചോദ്യങ്ങൾ ഉന്നയിച്ചുകൊണ്ട് തടഞ്ഞുനിർത്തുന്നത് ഈ ഗവൺമെന്റിന് ഒരിക്കലും ഭൂഷണമാണെന്ന് എനിക്ക് അഭിപ്രായമില്ല. മാറിമാറി വന്ന മുന്നണി ഗവൺമെന്റുകളൊക്കെ പ്രകടനപത്രികകളിൽ സംസ്ഥാനത്തെ മലയോരകർഷകർക്ക് പട്ടയം കൊടുക്കും എന്ന് പ്രഖ്യാപിച്ചതല്ലാതെ കാര്യമായ നേട്ടങ്ങൾ ഈ രംഗത്ത് ഉണ്ടാക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഒരുകാലത്ത് ഈ പട്ടയത്തിന്റെ പ്രാധാന്യം എന്താണെന്ന് അറിവില്ലാതിരുന്ന പാവപ്പെട്ട കൃഷിക്കാർക്ക് ഇന്ന് കമോഡിറ്റി ബോർഡുകളുടെ സഹായം കിട്ടണമെങ്കിൽ പട്ടയം വേണം.

പെൺമക്കളെ കെട്ടിച്ചയയ്ക്കാൻ ബുദ്ധിമുട്ടുമ്പോൾ ഒരു സഹകരണ ബാങ്കിൽനിന്ന് ആയിരം രൂപ ലോൺ എടുക്കണമെങ്കിലും ഇന്ന് ഈ ഗവൺമെന്റ് നടപ്പിലാക്കുന്ന ഭവന നിർമ്മാണപദ്ധതികളിൽ സഹായം മേടിക്കണമെങ്കിലും പട്ടയം ഒരാവശ്യമായി മാറിയിരിക്കുകയാണ്. ഇന്നലെകളിൽ അറിവില്ലായ്മകൊണ്ട് പട്ടയം മേടിച്ചില്ല എന്ന കാരണത്താൽ കട്ടപ്പന ടൗണിലെയും മുണ്ടക്കയം ടൗണിലെയും നൂറാണ്ടുകളായി താമസിക്കുന്ന ആളുകൾക്കും അതുപോലെ ഗിരിവർഗ്ഗക്കാർക്കുമൊക്കെ എത്രയും വേഗം അവർക്ക് പട്ടയം കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മലബാറിൽ പ്രത്യേകം ഒരു പ്രശ്നമുണ്ട്. സ്വകാര്യഭൂമി കൈയേറി കൃഷിയെടുത്ത് ജീവിക്കുന്ന ആളുകൾക്ക് പട്ടയം കൊടുക്കാനുള്ള നടപടികളൊന്നും എടുത്തിട്ടില്ല. മാത്രമല്ല അവരെ വേർതിരിച്ചു കാണുന്നതിനുള്ള ഒരു നീക്കം ഇന്ന് നടക്കുന്നു. സ്വകാര്യവനഭൂമിയാണെങ്കിലും 1.1.1977-ന് മുമ്പ് ഭൂമി കൈയേറി ഉപജീവനം കഴിക്കുന്ന ആളുകൾക്കും ഭൂമി നല്കുമെന്ന് അന്നത്തെ ഗവൺമെന്റിന്റെ പ്രഖ്യാപനത്തിൽ ഈ ഗവൺമെന്റ് അടിയുറച്ച് നില്ക്കുമ്പോൾ അങ്ങനെ വേർതിരി

LIBRARY ARCHIVES Kerala Legislative Assembly

ച്ചുള്ള ഒരു കാഴ്ചപ്പാട് ഉണ്ടാകരുത് എന്നും നമ്മുടെ കൃഷിഭൂമി കൈയേറിയതും അല്ലാത്തതുമായ എല്ലാ ആളുകൾക്കും ഉടനടി പട്ടയം നല്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ ഒരിക്കൽകൂടി അനുകൂലിക്കുന്നു.

ശ്രീ. സിറിയക് ജോൺ: സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു. ഈ പ്രമേയത്തിൽ ശ്രീ. സി.ടി. കൃഷ്ണൻ പറഞ്ഞ ഭേദഗതിയാണ് ഏറ്റവും പ്രസക്തമായിട്ടുള്ളത്. അവ്യക്തമായി ഈ പ്രശ്നം നീട്ടിക്കൊണ്ടുപോകുന്നത് ശരിയല്ല. ഈ നിയമം പാസ്സാക്കിയിട്ടു തന്നെ ഏതാണ്ട് 15 വർഷം കഴിഞ്ഞു. നമ്മുടെ കേരളത്തിൽ, ഇൻഡ്യക്കു മുഴുവൻ മാതൃകാപരമായ, പുരോഗമനപരമായ ഒരു നിയമമാണ് ഭൂപരിഷ്കരണ നിയമം. ജൻമിത്തം എന്നെന്നേക്കുമായി അവസാനിപ്പിച്ച ഇത്രയും പുരോഗമനപരമായിട്ടുള്ള, വിപ്ലവകരമായിട്ടുള്ള ഒരു നിയമം ഈ രാജ്യത്ത് പാസ്സാക്കിയിട്ട് ഇന്നും ഇതിന്റെ സംരക്ഷണം കിട്ടാത്ത ആയിരക്കണക്കിന് ആളുകൾ നമ്മുടെ സംസ്ഥാനത്ത് ഉണ്ട് എന്നു പറയുന്നത് ലജ്ജാകരമാണ്; വിരോധാഭാസമാണ്. അതുകൊണ്ട് ഇത് ഇനിയും അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകാതെ ഈ വർഷംതന്നെ, 1985 ഡിസംബർ 31-ാം തീയതിക്കകത്തുതന്നെ ഇവിടെയുള്ള മുഴുവൻ കൈവശകൃഷിക്കാർക്കും—അതിനുവേണമെന്നുണ്ടെങ്കിൽ 1977-ന് ശേഷം കൈയ്യേറിയവരെ സംബന്ധിച്ചിടത്തോളം അവർക്ക് കൊടുക്കണമെന്നുള്ള കാര്യത്തിൽ എനിക്ക് അഭിപ്രായമില്ല—പട്ടയം കൊടുത്തിരിക്കണം, അവകാശരേഖകൾ മുഴുവൻ കൊടുത്തിരിക്കണമെന്ന് വളരെ കർക്കശമായിത്തന്നെ ഈ ഗവൺമെന്റ് ഒരു നിലപാട് എടുക്കണം എന്നാണ് എനിക്ക് ഈയവസരത്തിൽ അപേക്ഷിക്കാനുള്ളത്. അതിന് ബഹുമാനപ്പെട്ട വകുപ്പു മന്ത്രിക്കോ ഗവൺമെന്റിനോ യാതൊരു തരത്തിലും എതിരഭിപ്രായം ഉണ്ടാകാൻ ന്യായമില്ല. ഇവിടെ വകുപ്പുമന്ത്രിതന്നെ ഈ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം നടത്തിയിട്ടുള്ള അന്ത്യശാസനങ്ങൾ ഒക്കെ ഇന്നും ഈ രാജ്യത്ത് മുഴങ്ങിക്കേൾക്കാൻ കഴിയും. അന്ത്യശാസനങ്ങൾ ഒക്കെ അവസാനം അന്ത്യശ്വാസമായി കലാശിക്കുന്ന ഒരു ഗതികേട് റവന്യൂ മന്ത്രിയുടെ പാർട്ടിയെ സംബന്ധിച്ചിടത്തോളം ഇന്ന് നിലവിലുണ്ട് എന്നുള്ളതുകൊണ്ട് അന്ത്യശാസനങ്ങൾക്കൊന്നും ആരും അത്ര വില കൽപ്പിക്കാറില്ല.

സർ, നമ്മുടെ സംസ്ഥാനത്ത് ഭൂപരിഷ്കരണ നിയമത്തിന് അതിന്റേതായിട്ടുള്ള ചരിത്രമുണ്ട്. ഞാൻ ഈ അവസരത്തിൽ അതിനെക്കുറിച്ച് ദീർഘമായി വിവരിക്കുന്നില്ല. ഇപ്പോൾ ബഹുമാനപ്പെട്ട തോമസ് കല്ലംപള്ളി മലബാറിലെ കൈവശകൃഷിക്കാരെ സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. അവിടെയുള്ളവർ കയ്യേറക്കാരല്ല. അവിടെയുള്ളവർ ഇടജൻമിമാർക്കോ അല്ലെങ്കിൽ ജൻമിമാർക്കോ കൈവശക്കാർക്കോ ഒക്കെ പ്രതിഫലം കൊടുത്തതിന് ശേഷം ആ ഭൂമി വാങ്ങി കൈവശം വച്ച് അനുഭവിച്ചുവരുന്നവരാണ്. പത്തുനാൽപ്പത് അൻപതുവർഷങ്ങളായി അവർ കൈവശം വച്ചിരിക്കുന്ന ഭൂമിയിൽ ശ്രീ. കല്ലംപള്ളി പറഞ്ഞതുപോലെ കോളേജുകൾ, ഹൈസ്കൂളുകൾ, പള്ളികൾ തുടങ്ങിയ സ്ഥാപനങ്ങളും വലിയ ബസ്സാറുകളുമുണ്ട്. അങ്ങനെയുള്ള ഭൂമിയാണ് വനഭൂമിയാണെന്നു പറയുന്നത്. അത് വനഭൂമിയാണെന്ന് പണ്ടുള്ള റെക്കാർഡിന്റെ അടിസ്ഥാനത്തിൽ പറയുന്നവരുടെ മാനസികമായ അവസ്ഥയെ സംബന്ധിച്ച് പരിശോധിക്കേണ്ടതാണ്. ഏതായാലും യാഥാർത്ഥ്യത്തിന് നിരക്കാത്ത തരത്തിലുള്ള ഒരു സമീപനമാണ്

LIBRARY ARCHIVES Kerala Legislative Assembly

ഈ കാര്യത്തിൽ ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്. അതിന് അനുകൂലമായ നടപടി അംഗീകാരം നൽകിക്കൊണ്ടിരിക്കുന്ന ഒരു നിലപാടാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്. ഈ നിലപാട് മാറണം. യാഥാർത്ഥ്യബോധത്തോടു കൂടിയുള്ള ഒരു സമീപനമാണ് ഇക്കാര്യത്തിൽ സ്വീകരിക്കേണ്ടത്. ഈ അടുത്തകാലത്ത് ഉണ്ടായ ഒരു അനുഭവമുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ തിരുവാമ്പാടി വില്ലേജിൽ പത്തുനാൽപ്പത്തിയഞ്ചു വർഷമായി ആയിരക്കണക്കിന് കുടുംബങ്ങൾ ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുകയാണ്. അവിടെ ഹൈസ്കൂളും അതുപോലെയുള്ള എല്ലാ സ്ഥാപനങ്ങളുമുണ്ട്. ആ ആയിരക്കണക്കിന് കൃഷിക്കാർ ആ ഭൂമിയിൽനിന്ന് ഒഴിഞ്ഞുകൊടുക്കണം. ആ ഭൂമിയൊക്കെ ഗവൺമെന്റിൽ നിക്ഷിപ്തമായിട്ടുള്ള മിച്ചഭൂമിയാണെന്നാണ് കാലിക്കറ്റ് ലാൻഡ്ബോർഡ് വിധി പ്രഖ്യാപിച്ചിട്ടുള്ളത്. ഞാൻ കഴിഞ്ഞ പ്രാവശ്യം ഒരു സബ്മിഷനിലൂടെ ഇവിടെ ഉന്നയിച്ചതാണ്. ടി. എൽ. ബി. (കെ.) 361/77 പ്രൊസീഡിംഗ്സ് ഓഫ് ദി താലൂക്ക് ലാൻഡ് ബോർഡ് ഡേറ്റഡ് 29–3–1985. അതിൽ പറയുന്ന ആയിരക്കണക്കിന് കൃഷിക്കാരുടെ മൂവായിരത്തിൽപ്പരം ഏക്കർ വരുന്ന കൃഷിഭൂമി മിച്ചഭൂമിയായതുകൊണ്ട് അത് ഒഴിവാക്കിക്കൊടുക്കണം എന്നു പറഞ്ഞ് നടപടി സ്വീകരിക്കാൻ അന്ന് ഒരു നീക്കം ഉണ്ടായി. ഇപ്പോഴും താൽക്കാലികമായിട്ട് അത് നിർത്തിവച്ചിട്ടുണ്ട്. അവർ അപ്പീലുമായിട്ട് ഹൈക്കോടതിയിൽ പോകണം. താലൂക്ക് ലാൻഡ് ബോർഡിന്റെ വിധിക്കെതിരെയുള്ള അപ്പലേറ്റ് അതോറിറ്റി ഹൈക്കോടതിയാണ്. ഗവൺമെന്റിന് ഇതിനെ സംബന്ധിച്ച് ഒന്നും ചെയ്യാൻ കഴിയുകയില്ല. അവിടെയുള്ള ആളുകൾ ഇതിനുവേണ്ടി ഹൈക്കോടതിയിൽ പോകുകയെന്നു പറഞ്ഞാൽ അവർക്ക് ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകളും ദുരിതങ്ങളും ആലോചിക്കാവുന്നതാണ്. അത് ഒഴിവാക്കണം. നിയമത്തിൽതന്നെയുള്ള ഒരു വ്യവസ്ഥയനുസരിച്ച് ലാൻഡ്ബോർഡ് തന്നെ ഈ കേസ് പുനരെടുക്കണം. അത് പുനരെടുത്ത് അവിടെയുള്ള കൈവശക്കാരെ സംബന്ധിച്ച് മുഴുവൻ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തണം. അവരെ ഒഴിവാക്കിക്കൊണ്ടുള്ള ഒരു വിധി ലാൻഡ് ബോർഡ് സ്വീകരിക്കുകയാണെങ്കിൽ അവിടെയുള്ള കൈവശക്കൃഷിക്കാർക്ക് കാര്യമായ ബുദ്ധിമുട്ട് ഉണ്ടാകുകയില്ല. അവർ ഇക്കാര്യത്തിൽ യാതൊന്നും അറിഞ്ഞവരല്ല. അങ്ങനെ ഒരു കേസ് അവരുടെ ഭൂമിയെ സംബന്ധിച്ച് ലാൻഡ് ബോർഡിൽ ഉണ്ടെന്നുപോലും അവർക്ക് അറിയുകയില്ല. അവർക്ക് നോട്ടീസ് കൊടുത്തിട്ടില്ല. അതുകൊണ്ട് ആ സ്ഥലത്തുതന്നെ ലാൻഡ് ബോർഡ് ക്യാമ്പ് വച്ചുകൊണ്ട് ഫിസിക്കൽ വെരിഫിക്കേഷൻ നടത്തി, അവരിൽ നിന്നുതന്നെ തെളിവുകൾ സ്വീകരിച്ചുകൊണ്ട് അവിടെനിന്നുതന്നെ അതിനെ സംബന്ധിച്ച് വിധി പുറപ്പെടുവിക്കണം. ലാൻഡ് ബോർഡിന്റെ ഘടനയെ സംബന്ധിച്ചും അതിന്റെ ഇന്നത്തെ പോക്കിനെ സംബന്ധിച്ചുമുള്ള ദാരുണമായ ഒരു സംഗതിയുണ്ട്. കാലിക്കറ്റ് ലാൻഡ് ബോർഡിൽ രണ്ട് അനൗദ്യോഗികാംഗങ്ങൾ ഉണ്ട്. അതിൽ ഒന്ന് ഇ.കെ. ഉണ്ണിമോയിയും മറ്റൊന്ന് ജോയി അഗസ്റ്റിനുമാണ്. ഈ രണ്ടു അനൗദ്യോഗസ്ഥ അംഗങ്ങളും ആ ഭൂമി മിച്ചഭൂമിയാണെന്നുള്ള നിഗമനത്തിൽ എത്തിയ ആ പ്രദേശത്തുള്ള ആളുകളാണ്. എന്നിട്ട്, അവർ തന്നെ ഈ കൃഷിക്കാരോട് വക്കാലത്ത് കൊടുക്കാൻ ആവശ്യപ്പെടുകയും അങ്ങനെ കേസിന്റെ കാര്യങ്ങൾ കൈകാര്യം ചെയ്യാനെന്ന ഭാവത്തിൽ ചില ഏർപ്പാടുകൾ ചെയ്യുകയും ചെയ്യുന്നതായി മനസ്സിലാക്കുന്നു. അവർ ഈ കൃഷിക്കാർ ഈ ഭൂമിയിലുള്ളവരാണെന്ന് അറിവുള്ളവരാണ്,

LIBRARY ARCHIVES Kerala Legislative Assembly

ലാൻഡ് ബോർഡ് മെമ്പർമാർ ഈ രംഗത്ത് കൊള്ളരുതായ്മ കാണിക്കുന്നത് അവർക്ക് ഇതിനെ സംബന്ധിച്ച് പരിജ്ഞാനമില്ലാത്തതുകൊണ്ടായിരിക്കാം. എങ്ങനെയായാലും ശരി അനൗദ്യോഗിക അംഗങ്ങൾക്ക് ഇതിനെ സംബന്ധിച്ച് ഒരു റിഫ്രഷർ കോഴ്സ് കൊടുക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കണം. നിയമത്തിന്റെ പ്രാഥമിക വശങ്ങൾ അവരെ മനസ്സിലാക്കുന്നതിന് ആവശ്യമായിട്ടുള്ള റിഫ്രഷർ കോഴ്സ് ഇവർക്ക് കൊടുക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിച്ചാൽ നന്ന് എന്നാണ് എനിക്ക് നിർദ്ദേശിക്കുവാനുള്ളത്.

കുമാരനല്ലൂർ വില്ലേജിൽ മൈസൂർപാറ മലവാരത്തിൽ നാൽപ്പതും അൻപതും വർഷങ്ങളായിട്ട് ഭൂമി കൈവശം വച്ചിരിക്കുന്നയാളുകളുണ്ട്. അതിന്റെ യഥാർത്ഥ ഉടമകൾ മൈസൂർ മഹാരാജാവുമായി ബന്ധമുള്ള ആളുകളായിരുന്നു. അതിന് തക്കതായിട്ടുള്ള പ്രതിഫലംകൊടുത്ത് അവിടെ കൃഷി ചെയ്യുന്ന ആളുകളാണ് അവിടെയുള്ളത്. ഇപ്പോൾ അവരെ മിച്ചഭൂമി കൈവശം വച്ചിരിക്കുന്ന ആളുകളാണെന്നു പറഞ്ഞ് ഒഴിപ്പിക്കാൻ ഉള്ള വിധിയാണ് ലാൻഡ് ബോർഡ് സ്വീകരിച്ചിരിക്കുന്നത്. അവിടെത്തന്നെ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തണം. 1977–നു ശേഷമുള്ള ഒരാളെപ്പോലും വച്ചു പൊറുപ്പിക്കണമെന്ന് ഞാൻ പറയുന്നില്ല. അവർക്ക് ആ ഭൂമിയെ സംബന്ധിച്ചിടത്തോളം 1977 എന്നു പറയുന്നതിന്റെ പ്രത്യേക പരിഗണന പോലും ആവശ്യമുള്ളവരല്ല. നാൽപ്പത് അൻപത് വർഷങ്ങൾക്ക് മുൻപ് ഉണ്ടായിരുന്ന നിയമത്തിന്റെ അടിസ്ഥാനത്തിൽത്തന്നെ തക്കതായ പ്രതിഫലം കൊടുത്തിട്ട് ഭൂമി കൈവശം വച്ചിരിക്കുന്നവരാണ് അവർ എന്നുള്ളതാണ് യാഥാർത്ഥ്യം. ലാൻഡ് ബോർഡ് അവിടെത്തന്നെ സിറ്റിംഗ് നടത്തി, ക്യാമ്പ് വച്ചുകൊണ്ട് പരിശോധന നടത്തി പുനരെടുക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് നിർദ്ദേശം നൽകണം. ഇതുപോലെയുള്ള നിരവധി കേസുകളുണ്ട്.

മലയോരകൃഷിക്കാരെ സംബന്ധിച്ചിടത്തോളം ആയിരക്കണക്കിന് പതിനായിരക്കണക്കിന് കൃഷിക്കാർക്ക് അവർ കൈവശം വച്ചിരിക്കുന്ന ഭൂമിക്ക് പട്ടയം കിട്ടാത്തതായുണ്ട്. ഇവിടെ പല മെമ്പർമാരും സൂചിപ്പിച്ചതുപോലെ മറ്റ് പല രംഗങ്ങളിലും ഇതുമൂലം അവരുടെ പുരോഗതി തടയപ്പെട്ടിരിക്കുകയാണ്. അവർക്ക് ബാങ്കുകളിൽനിന്ന് ലോണെടുക്കാൻ കഴിയുന്നില്ല. ഹൗസിംഗ് ലോണും റബ്ബർ ബോർഡിന്റെ ലോണും എടുക്കാൻ കഴിയുന്നില്ല. അവർക്ക് അർഹതപ്പെട്ടിട്ടുള്ള ധാരാളം ആനുകൂല്യങ്ങൾ കേവലം സാങ്കേതിക വാദത്തിന്റെ പേരിൽ നിഷേധിച്ചിരിക്കുന്നുവെന്നുള്ളത് ആ പ്രദേശത്തെ പുരോഗതിക്ക് വലിയ വിഘാതമാണെന്ന കാര്യത്തിൽ സംശയമില്ല. ആ രീതിയിൽ ഈ അനിശ്ചിതത്വം നീട്ടിക്കൊണ്ടുപോകാതെ 1986 ജനുവരി ഒന്നിനു മുൻപായിത്തന്നെ എല്ലാ ആളുകൾക്കും പട്ടയം കൊടുക്കണം. അങ്ങ് തന്നെ ഇതിന്റെ പേരിൽ സമരം നടത്തുകയും സത്യാഗ്രഹം നടത്തുകയും ചെയ്തിട്ടുണ്ട്. അങ്ങനെ നിരാഹാരമനുഷ്ഠിച്ചതുമൊക്കെ വിസ്മരിക്കാൻ പാടുകയില്ല. അതിന് ഈ രാജ്യത്ത് എന്തെങ്കിലും വിലയുണ്ടാകണമെങ്കിൽ ഡിസംബർ 31–ന് മുൻപ് തന്നെ പട്ടയം കൊടുക്കാൻവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.കെ.കെ. ബാവ: സർ, അർഹരായ മലയോര കർഷകർക്ക് പട്ടയം നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്ന ശ്രീ. എ.കെ. പത്മനാഭന്റെ പ്രമേയത്തെ ഞാൻ സർവ്വാത്മനാ പിന്താങ്ങുകയാണ്. വനഭൂമി പല സ്ഥലത്തും പതിച്ചുകൊടുക്കുന്നതിനും പട്ടയം നൽകുന്നതിനുമുള്ള നടപടികളും ഉണ്ടായിട്ടുണ്ട്. മലബാർ പ്രദേശത്തെ സംബന്ധിച്ചിടത്തോളം ഇന്ന് ചില മെമ്പർമാർ ഇവിടെ സൂചിപ്പിച്ചതുപോലെ പട്ടയം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടില്ല. എന്നു മാത്രമല്ല വെരിഫിക്കേഷൻ പോലും ചില പ്രത്യേക കാരണങ്ങളാൽ, പ്രത്യേകിച്ചും സ്വകാര്യ വനഭൂമിയാണെന്നുള്ള കാരണത്താൽ തടഞ്ഞുവച്ചിരിക്കുകയാണ്. പട്ടയത്തിനുവേണ്ടിയുള്ള നമ്മുടെ മുറവിളി സഭയ്ക്ക് അകത്തും പുറത്തും മുഴങ്ങിക്കേൾക്കാൻ തുടങ്ങിയിട്ട് വർഷങ്ങൾ വളരെയായി. ഇന്നും അത് പരിഹൃതമായിട്ടില്ലെന്നു പറയേണ്ടിവരുന്നത് നമ്മെ സംബന്ധിച്ചിടത്തോളം അഭിമാനകരമാണ് എന്ന് തോന്നുന്നില്ല. കൃഷിക്കാരുടെ ജീവിതാഭിലാഷം സാക്ഷാൽക്കരിക്കേണ്ടേ? അതിന് അടിയന്തിരമായി നടപടി സ്വീകരിക്കണമെന്നു മാത്രമല്ല ഒരു സമയപരിധി വച്ചുകൊണ്ടു തന്നെ അവർക്ക് പട്ടയം ലഭ്യമാക്കുന്നതിന് അടിയന്തിരമായ നടപടി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുകകൂടി വേണം.

മലയോര കൃഷിക്കാരെപ്പോലെ തന്നെ നമ്മുടെ രാജ്യത്തിന് വിദേശനാണ്യം നേടിത്തരുന്ന ഒരു വിഭാഗമാണ് മൽസ്യത്തൊഴിലാളികളും. കടലോരവാസികൾക്കും തീരദേശവാസികൾക്കും പട്ടയം കൊടുക്കുന്നതിനുവേണ്ടിയുള്ള മുറവിളികളും വർഷങ്ങളായിട്ട് നടക്കുകയാണ്. സർക്കാരിന്റെ മൂന്നാം വാർഷികം ആഘോഷിക്കുന്ന സമയത്ത് റവന്യൂ വകുപ്പു മന്ത്രി നടത്തിയ ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി ഇങ്ങനെയുള്ള പ്രദേശങ്ങളിൽ കുറെ പട്ടയങ്ങൾ വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്. അത്രയും ആശ്വാസകരമായി. അതിനെത്തുടർന്ന് അവശേഷിക്കുന്ന പട്ടയങ്ങൾ നൽകുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുമെന്നാണ് മന്ത്രി പറഞ്ഞിരുന്നത്. ദുർബലജനവിഭാഗങ്ങളുടെ കാര്യത്തിൽ ജാഗ്രത പുലർത്തിവന്നിട്ടുള്ള മന്ത്രി അദ്ദേഹത്തിന്റെ പ്രഖ്യാപനത്തിന് അനുസരണമായി കടലോരത്തിലെ പാവപ്പെട്ടയാളുകൾക്കുകൂടി പട്ടയം നൽകുന്നതിന് അടിയന്തിര നടപടി ഒരു സമയപരിധിവച്ചുകൊണ്ട് നടത്തുമെന്നാണ് എന്റെ വിശ്വാസം. കടലോരങ്ങളിൽ താമസിക്കുന്ന പാവപ്പെട്ട മൽസ്യത്തൊഴിലാളികളുടെ സ്ഥിതിയെക്കുറിച്ച് ഞാൻ പറയുന്നില്ല. അവർ താമസിക്കുന്ന കൂര നിൽക്കുന്ന സ്ഥലത്തിന് പട്ടയം ലഭിക്കാത്തതുകൊണ്ട് പ്രാഥമിക ആവശ്യമായിട്ടുള്ള ഭക്ഷണത്തിന് അവർക്ക് റേഷൻകാർഡ് പോലും ലഭ്യമായിട്ടില്ല എന്നുള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുപോലെ തന്നെ സർക്കാരിൽനിന്നും ലഭിക്കേണ്ട ആനുകൂല്യങ്ങൾ പലതും അവർക്ക് പട്ടയം ഇല്ലെന്നുള്ള കാരണത്താൽ നിഷേധിക്കപ്പെട്ടിരിക്കുകയാണ്. ഇത് പരിഹരിക്കുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കണം. മലയോര കൃഷിക്കാർക്ക് പട്ടയം നൽകുന്നത് ഒരു സമയപരിധി വച്ചുകൊണ്ട് അടിയന്തിര ആശ്വാസനടപടികൾ സ്വീകരിക്കുന്നതോടൊപ്പം തീരദേശവാസികൾക്കുകൂടി പട്ടയം നൽകുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽകൂടി ഈ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പങ്കജാക്ഷൻ: സർ, വളരെയേറെ പ്രാവശ്യം ഈ സഭയിൽ ചർച്ചചെയ്തിട്ടുള്ള പ്രശ്നമാണിത്. ഒന്നിലധികം പ്രാവശ്യം അധികാരസ്ഥാനങ്ങളിൽനിന്നും അടിയന്തിര നടപടി സ്വീകരിക്കുമെന്നു ഉറപ്പു നൽകപ്പെട്ടിട്ടുള്ളതുമാണ്. ഇനിയും ഈ പ്രശ്നം ഇഴഞ്ഞുനീങ്ങുന്നു എന്നുള്ളത് സർക്കാരിന് അപമാനകരമാണെന്നു മാത്രമല്ല. നമ്മുടെ വനത്തിന് അപകടകരം കൂടിയാണ്. ബഹുമാനപ്പെട്ട കെ.കെ. തോമസ് ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞു വനഭൂമിയെ വനത്തിന്റെ നിർവ്വചനത്തിൽനിന്ന് എടുത്തുമാറ്റണമെന്ന്. ഓരോ പ്രാവശ്യവും അനധികൃതമായി ഭൂമി കയ്യേറിയവർക്ക് അതിരുകളും ഏലുകകളും മാറ്റുന്നതു പോലെ തീയതി മാറ്റി മാറ്റി നിർണ്ണയിച്ച് ഇങ്ങനെ ഭൂമി പതിച്ചു കൊടുത്താൽ ഒടുവിൽ വനമെന്ന നിർവ്വചനത്തിൽപ്പെടുത്താൻ നമ്മുടെ സംസ്ഥാനത്ത് വനപ്രദേശം ഇല്ലെന്ന ദുർഗ്ഗതി വന്നുചേരും. അങ്ങനെയൊരു ദുർഗ്ഗതി വരുത്തരുതെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. 1–1–1977 എന്ന് ഇപ്പോൾ തീയതി നിശ്ചയിച്ചു. ആ തീയതി ഇനി 1–1–1987 ആയി തീരുമാനിക്കേണ്ട അവസ്ഥയിലേക്ക് പോകരുത്. 1–1–1977 എന്ന തീയതിയുടെ മറവച്ചു പിന്നീട് അനധികൃതമായി കയ്യേറിയ എത്രയോ പേരുണ്ട്. അങ്ങയുടെ വകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെ മേൽ സമ്മർദ്ദം ചെലുത്തി, അനധികൃതമായി കയ്യേറ്റം നടത്തിയവർ 1–1–1977–നു മുമ്പുള്ള ലിസ്റ്റിൽ പെടുത്തുന്നതിനുവേണ്ട പ്രേരണയും അതിനുവേണ്ട മറ്റ് ഏരുശീരുകളും ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന കാര്യം അങ്ങേക്കറിയാം. ഇതു നമ്മുടെ വനസംരക്ഷണത്തിന് നല്ലതാണോ എന്നു നാം ആലോചിക്കണം. അർഹതയില്ലാത്തവർ അനധികൃതമായി വനപ്രദേശം കയ്യേറി കച്ചവടത്തിലേർപ്പെടുന്ന ദുരവസ്ഥ നിലനിൽക്കുന്നുണ്ട്. അതേസമയം തല ചായ്ക്കാനൊരിടം സ്വന്തമായില്ലാത്ത, ഒരു മൺവെട്ടിയെടുത്തൊന്നു വെട്ടുന്നതിന് ഒരിഞ്ച് ഭൂമിയില്ലാത്തവർ നോക്കിനിൽക്കുമ്പോൾ, പട്ടണത്തിലെ പ്രമാണികളായവർ റവന്യൂ ഉദ്യോഗസ്ഥൻമാർക്ക് കൈക്കൂലി നൽകി വനഭൂമി വളച്ചെടുത്തു കണ്ടംകണ്ടമായി വിൽക്കുന്ന ഏർപ്പാട് തുടർന്നുകൊണ്ടിരിക്കുന്നു. ഇതു നമ്മുടെ സംസ്ഥാനത്തിന് ഭൂഷണമായിട്ടുള്ള ഏർപ്പാടാണോ? തലമുറകളായി ഭൂമി കയ്യേറി കൃഷി ചെയ്തുവരുന്ന പാവപ്പെട്ട അർഹതയുള്ള ആളുകൾക്ക് അടിയന്തിരമായി പട്ടയം കൊടുക്കാനുള്ള ഏർപ്പാട് ഉണ്ടാക്കണം. വലിച്ചാൽ നീളുന്ന റബ്ബർ പോലെ ഇനിയും ഇതു നീട്ടിക്കൊണ്ടുപോയാൽ അർഹതയുള്ളവൻ നോക്കിയിരിക്കേ അർഹതയില്ലാത്തവൻ കടന്നുകയറി വനഭൂമി കച്ചവടമാക്കുന്ന ദുരവസ്ഥ ഒഴിവാക്കാനാവില്ല. അർഹതയുള്ളവന് ഭൂമി പതിച്ചുകൊടുക്കാൻ തീയതി നിശ്ചയിക്കണം. അല്ലാതെ എന്നുമിങ്ങനെ അയയിലിട്ട നിലയിൽ നിർത്തുന്നതു ശരിയല്ല. തോട്ടം മേഖലയിലെ കാര്യം ശ്രീ. തോമസ് ഇവിടെ പറഞ്ഞില്ല. തോട്ടം മേഖലയിലെ ഭൂമി കൈവശം വച്ചിട്ടുള്ള തൊഴിലാളികൾക്ക് ഗവൺമെന്റ് ഉത്തരവ് നൽകിയിട്ടും പട്ടയം കിട്ടിയില്ല. എന്റെ നിയോജകമണ്ഡലത്തിൽ എത്രയോ കാലമായി വനഭൂമി കൈവശം വച്ചു കൃഷി ചെയ്തുവരുന്ന ഗിരിവർഗ്ഗക്കാർക്ക് പട്ടയം കൊടുത്തിട്ടില്ല. ഇത്തരം കേസുകൾപോലും അവഗണിക്കപ്പെടുകയാണ്. അതേസമയം കൂടുതൽ കൂടുതൽ അനധികൃത കയ്യേറ്റം നടക്കുന്നു. ഈ ഏർപ്പാട് അവസാനിപ്പിച്ച് അനേകവർഷമായി വനപ്രദേശം കയ്യേറി കൃഷി ചെയ്ത് അവിടെ അധിവസിക്കുന്ന ആളുകൾക്ക് സംരക്ഷണം നൽകാനുള്ള നടപടി ത്വരിതപ്പെടുത്തണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഞാൻ ഈ പ്രമേയത്തെ സഹർഷം സ്വാഗതം ചെയ്യുന്നു. കേന്ദ്ര വനസംരക്ഷണ നിയമം മലയോര കർഷകരെ വഞ്ചിച്ചിരിക്കുകയാണ്. കേന്ദ്ര വനസംരക്ഷണ നിയമം കേരളത്തോടു ചോദിച്ചിട്ട് ഉണ്ടാക്കിയതല്ല. അതുമൂലം വികസന പ്രവർത്തനങ്ങൾ സ്തംഭിച്ചിരിക്കുകയാണ്. ദശാബ്ദങ്ങളായി കുടിയേറിപ്പാർത്തുവരുന്ന പാവപ്പെട്ട കൃഷിക്കാർക്ക് സർക്കാരിൽനിന്നോ മറ്റ് സ്ഥാപനങ്ങളിൽ നിന്നോ ആനുകൂല്യങ്ങൾ ഒന്നുംതന്നെ ലഭിക്കുന്നില്ല. ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറും റവന്യൂ ഡിപ്പാർട്ടുമെൻറും കൂടി ജോയിൻറ് വെരിഫിക്കേഷൻ നടത്തി അർഹതയുള്ളവർക്ക് പട്ടയം കൊടുക്കുമെന്നു സർക്കാർ പ്രഖ്യാപിച്ചു. തഹസിൽദാരും റെയിഞ്ചറും ചേർന്നു വെരിഫിക്കേഷൻ നടത്തണമെന്നു തീരുമാനിച്ചു. തൃശ്ശൂർ ജില്ല ഉൾപ്പെടെയുള്ള ജില്ലകളിൽ മലയോരകർഷകർക്ക് ഇതുവരെ പട്ടയം കൊടുത്തിട്ടില്ല. പട്ടയവും പിള്ളയും ഒരുപോലെ നീണ്ടുപോകുന്നു. പിള്ളയുടെ പേരിൽ ഇറങ്ങിപ്പോകാത്തവർ പട്ടയത്തിൻറെ പേരിലെങ്കിലും അന്തസ്സായി അധികാരത്തിൽ നിന്ന് ഇറങ്ങിപ്പോകണമെന്നാണ് കേരള കോൺഗ്രസ്സുകാരോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. വി.കെ. രാജൻ: പിള്ളയും കരുണാകരനും കൂടി ഒരു ഒത്തുതീർപ്പിൽ എത്തിയ കാര്യം മാസ്റ്റർ അറിഞ്ഞിട്ടില്ലേ?

ശ്രീ. ലോനപ്പൻ നമ്പാടൻ: അതു പട്ടയത്തിൻറെ പേരിൽ ഉണ്ടാക്കിയ ഒത്തുതീർപ്പ് പോലെയാണ്. ഒന്നും സംഭവിക്കുകയില്ല. മുഖ്യമന്ത്രി കരുണാകരൻറെ കാലത്ത് എൻറെ പൊന്നു ജോസഫേ നിങ്ങളെക്കൊണ്ട് പട്ടയം കൊടുപ്പിക്കുകയില്ല; ഇതു സത്യമാണ്. കശാപ്പുശാലയിലേക്ക് കൊണ്ടുപോകുന്ന ആടിൻറെ അനുഭവമാണ് നിങ്ങൾക്ക് ഉണ്ടാകുക. പ്ലാവില കാണിച്ചു കശാപ്പുശാലയിലേക്ക് കൊണ്ടുപോകുന്നതൊഴിച്ചാൽ മുഖ്യമന്ത്രി കരുണാകരൻറെ കാലത്ത് കേരളാ കോൺഗ്രസ്സിനെക്കൊണ്ട് പട്ടയം കൊടുപ്പിക്കുകയില്ല. 'ലൈഫ് ബോയ് എവിടെയുണ്ടോ അവിടെയാണ് ആരോഗ്യം' എന്ന പരസ്യം പോലെ 'അധികാരം എവിടെയുണ്ടോ അവിടെ കേരളാ കോൺഗ്രസ്സുണ്ട്' എന്നാണ് വി.ജെ.ടി. ഹാളിൽ കേരളാ കോൺഗ്രസ്സ് പ്രസംഗിച്ചത്. ഇതു നിറുത്തണം. ഇതിൽഭേദം ഇവർക്കും കോൺഗ്രസ്സിൽ ലയിച്ചുകൂടേ? എന്തിനിങ്ങനെ അടിമകളായി പ്രവർത്തിക്കുന്നു? അദ്ധ്വാന വർഗ്ഗത്തിൻറെ അപ്പോസ്തലൻമാർ എന്ന് അവകാശപ്പെടുന്ന പാർട്ടി, അവർക്ക് ആറടി മണ്ണു പോലും കൊടുക്കാൻ തയ്യാറാകാത്തത് ദയനീയമാണ്. അതുകൊണ്ട് ഇന്നല്ലെങ്കിൽ നാളെ നിങ്ങൾക്ക് ഇറങ്ങിപ്പോകേണ്ടിവരുമെന്നുള്ളത് കണക്കിലെടുത്തുകൊണ്ട് എത്രയും വേഗം മലയോര കർഷകർക്കു മുഴുവൻ പട്ടയം കൊടുക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

റവന്യൂ വകുപ്പു മന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം മാത്രമല്ല, കേരള നിയമസഭയിൽ പലവട്ടം ചർച്ചചെയ്ത ഒരു വിഷയമാണിത്. തെരഞ്ഞെടുപ്പു പ്രചരണത്തോടനുബന്ധിച്ചു ഇരു മുന്നണികളും കൈവശക്കാർക്ക് പട്ടയം കൊടുക്കുന്ന കാര്യം വളരെ പ്രാധാന്യത്തോടുകൂടി പറയാറുണ്ട്. അതു അടിസ്ഥാനപരമായ ഒരു കാര്യമാണ്. നമ്മുടെ സംസ്ഥാനത്ത് ഭൂമി കൈവശം ഉള്ള പതിനായിരകണക്കിനാളുകൾക്ക് ഇനിയും ഉടമസ്ഥാവകാശം ലഭിക്കേണ്ടതായിട്ടുണ്ട്. മലയോര

LIBRARY ARCHIVES Kerala Legislative Assembly

പ്രദേശങ്ങളിൽ മാത്രമല്ല മറ്റ് പല പ്രദേശങ്ങളിലും പട്ടയം കൊടുക്കേണ്ടതായിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഉണ്ടായ ഒരു പ്രതിഭാസമല്ല ഇതെന്നു പ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. പത്മനാഭൻ ഇവിടെ പറയുകയുണ്ടായി. 25—ഉം 20—ഉം വർഷങ്ങളായി ഭൂമി കൈവശം വച്ചിരിക്കുന്നവർക്ക് ഇതുവരെ പട്ടയം ലഭിച്ചിട്ടില്ലെന്ന് അദ്ദേഹം പറയുകയുണ്ടായി. അതുകൊണ്ട് ഇതിന്റെ ഉത്തരവാദിത്വം മുഴുവൻ ഈ ഗവൺമെന്റിന്റെ മേൽ ആർക്കും ഏൽപ്പിക്കാൻ കഴിയുകയില്ല.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

സർ, മാറി മാറി വന്ന ഗവൺമെന്റുകൾക്ക് ഈ ചുമതല പൂർണ്ണമായി നിർവ്വഹിക്കാൻ കഴിഞ്ഞിട്ടില്ല. അതിന്റെ അർത്ഥം ഒരു കാലത്തും ഒരു പട്ടയവും കൊടുത്തിട്ടില്ലെന്നുള്ളതല്ല— പതിനായിരക്കണക്കിനാളുകൾക്ക് പട്ടയം കൊടുത്തു കഴിഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷവും എല്ലാ മേഖലകളിലും—തീര പ്രദേശങ്ങളിലും, ഇടനാടുകളിലും, മലയോരങ്ങളിലുമെല്ലാമായി ഏകദേശം ഒരു ലക്ഷത്തോളം ആളുകൾക്ക് പട്ടയം കൊടുത്തിട്ടുണ്ട്. അത് ചെറിയൊരു നമ്പരാണെന്ന് ആരും പറയുകയില്ല. രണ്ടുമാസത്തിനു മുമ്പ് നടന്ന ഒരു ചടങ്ങിൽ വച്ച് തൃശ്ശൂർ ജില്ലയിൽത്തന്നെ ആയിരക്കണക്കിനാളുകൾക്ക് പട്ടയം കൊടുത്തിട്ടുണ്ട്. അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്തെ മൽസ്യത്തൊഴിലാളികൾക്കും പട്ടയം കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ശ്രീ. സി.ടി. കൃഷ്ണൻ ഉന്നയിച്ച പ്രശ്നം, അദ്ദേഹം തന്നെ ഇവിടെ സൂചിപ്പിച്ചു. അതിൽ പല സാങ്കേതികത്വവും ഉൾക്കൊണ്ടിരുന്നു. അതിനെ സംബന്ധിച്ച് അടുത്ത കാലത്ത് പാലക്കാട് വച്ചുതന്നെ ആ കാര്യങ്ങൾ പൂർണ്ണമായും അവിടത്തെ ഒരു ഡെപ്യൂട്ടി കളക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് അതിനുവേണ്ട നിർദ്ദേശങ്ങൾ കൊടുത്തു. അദ്ദേഹം പറഞ്ഞു, കോടതിയുടെ പ്രശ്നങ്ങളുണ്ട്, ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ തടസ്സങ്ങളുണ്ട്, സാങ്കേതികമായിട്ടുള്ള തടസ്സങ്ങളുണ്ട് എന്ന്. അങ്ങനെ സാങ്കേതികമായ തടസ്സങ്ങളുള്ള കാര്യങ്ങളിൽ കുറേ കാലതാമസം ഉണ്ടായിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത്-പട്ടയം സംബന്ധിച്ച് ഈ ഗവൺമെന്റു വന്നതിനുശേഷം കുറേക്കൂടി സംഘടിതമായ ഒരു ശ്രമം നടത്തിയതുകൊണ്ടാണ് ഇത്രയും വിവാദങ്ങൾ ഉണ്ടായിട്ടുള്ളത്. അതുകൊണ്ടുതന്നെയാണ് ഇത്രയുമധികം ആളുകൾക്ക് പട്ടയം കൊടുക്കാൻ സാധിച്ചത്. ബാക്കിയുള്ള ആളുകൾക്ക പട്ടയം കൊടുക്കുവാനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. അപ്പോൾ 1980—ലെ വനസംരക്ഷണ നിയമപ്രശ്നം സ്വാഭാവികമായിട്ടും പൊന്തിവന്നു. 1980—ലെ ശ്രീ. ഇ.കെ. നായനാർ ഗവൺമെന്റിനും ഈ പ്രദേശങ്ങളിൽ പട്ടയം കൊടുക്കാൻ കഴിയാതിരുന്നത് ഒരു പരിധി വരെ ഈ കാരണം കൊണ്ടാണെന്ന് പറഞ്ഞിരുന്നു. അതു മാറിക്കിട്ടുവാനുള്ള വളരെ വലിയ ഒരു ശ്രമം നടന്നു. ആ ശ്രമം ഒട്ടും വിജയിച്ചില്ല എന്ന് അംഗങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതു ശരിയല്ല. ഞാൻ ഈ നിയമസഭയിൽ ഇതിനുമുമ്പും ഇത് പറഞ്ഞിട്ടുള്ളതാണ്. 1—1—1977—ന് മുമ്പുള്ള കയ്യേറക്കാർക്ക് മുഴുവൻ പട്ടയം കൊടുക്കേണ്ടതാണെന്നുള്ള ആവശ്യം സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന്റെ മുമ്പിൽ ഉന്നയിച്ചിരുന്നു. അതു ഫലവത്തായിട്ടില്ല എന്നുള്ളതല്ല ശരി. പൂർണ്ണമായും ഫലവത്തായിട്ടില്ല എന്ന് ഞാൻ സമ്മതിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ നയപരമായ ഒരു കാര്യം, 1980—ലെ വനസംരക്ഷണ നിയമം അനുസരിച്ച് റിക്കാർഡിൽ വനഭൂമിയായിട്ടുള്ള ഒരു സ്ഥലത്തിനും പട്ടയം കൊടുക്കാൻ പാടില്ലെന്നുള്ളതു് ഭേദഗതി ചെയ്യണമെന്നു് ഗവൺമെൻറു് ആവശ്യപ്പെട്ടു. അതിൻെറ അടിസ്ഥാനത്തിൽ കേന്ദ്രഗവൺമെൻറിൽനിന്നും കിട്ടിയ മറുപടിയിലെ പ്രസക്തമായ ഒരു ഭാഗം ഞാൻ വായിക്കുകയാണു്. Kindly refer to your letter of 20th March to Prime Minister about regularisation of occupations prior to 1—1—1977 of forest lands in Kerala. In the special circumstances mentioned in your letter, Government of India agree in principle that occupations prior to 1—1—1977 may be regularised by issue of title deeds under the Kerala Land Assignment Rules to eligible persons. ഇതു് നയപരമായി എടുത്തിട്ടുള്ള ഒരു തീരുമാനമാണു്. ഇതിനു് കുറേ വിശദാംശങ്ങൾ നൽകണമെന്നു് പറഞ്ഞു് ആ ലെറ്ററിൽത്തന്നെ തുടർച്ചയായി ആവശ്യപ്പെട്ടിരുന്നു. ആ വിശദാംശങ്ങൾ അടങ്ങുന്ന ഒരു ലിസ്റ്റു് കഴിഞ്ഞ ഒക്ടോബർ മാസത്തിൽ കേന്ദ്രഗവൺമെൻറിനു് നൽകുകയുണ്ടായി. ആ ലെറ്റർ അവിടെ കിട്ടിക്കഴിഞ്ഞപ്പോൾ അവർ വീണ്ടും ഒരു കത്തു് അവിടെനിന്നും അയയ്ക്കുകയുണ്ടായി. അതിൽ കുറേ കൂടി വിശദാംശങ്ങൾ ആവശ്യപ്പെട്ടിരിക്കുകയാണു്. ആ വിശദാംശങ്ങളിൽ 'വനം വകുപ്പിലെ ഫോറസ്റ്റ് കൺസർവേറ്റർ വീണ്ടും പരിശോധിക്കണം' എന്നാണു് പറഞ്ഞിട്ടുള്ളതു്. ആ പരിശോധന ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണു്. അതിൽ വളരെയധികം പുരോഗതിയുണ്ടായിട്ടുണ്ടു്. പൂർത്തിയായിയെന്നു് ഞാൻ പറയുന്നില്ല. ഒരു ഘട്ടം വരെ പൂർത്തിയാക്കിയതിനുശേഷം റിസർവു ഫോറസ്റ്റ് ആയിട്ടുള്ള മേഖലകളിൽ—തൃശൂർ, എറണാകുളം, ഇടുക്കി, കൊല്ലം, പത്തനംതിട്ട തുടങ്ങിയിട്ടുള്ള ജില്ലകളിൽ—ജോയിൻറു് വെരിഫിക്കേഷൻ പൂർത്തിയായി. അതിൽ ഇടുക്കി ജില്ലയിലെ ഒരു മേഖലയിൽ കുറേക്കൂടി പൂർത്തിയാക്കാനുണ്ടു്. ഉടുമ്പൻചോല താലൂക്കിലുള്ള 74 ബ്ലോക്കുകൾ (ഇതു് റിസർവ്വു് ഫോറസ്റ്റ് അല്ലെന്നു് എല്ലാവർക്കുമറിയാം) റീസർവ്വേ നടന്നിട്ടുള്ള സ്ഥലമാണു്. ആ പ്രദേശത്തെ 74 ബ്ലോക്കുകളിൽ 35 എണ്ണം ക്ലിയർ ചെയ്തു. 39 ബ്ലോക്കുകളിൽ പൂർത്തിയാകാനുണ്ടു്. ബാക്കിയുള്ള ജില്ലകളിൽ ഏതാണ്ടു് പൂർത്തിയായിരിക്കുകയാണു്. ഏതായാലും ഇക്കാര്യങ്ങൾ സംബന്ധിച്ചുണ്ടായ പുരോഗതിയാണു് ഞാൻ പറഞ്ഞതു്. ഈ ലിസ്റ്റും ഏറ്റവും വേഗം പൂർത്തിയാക്കുന്നതിനു് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുമായി ആലോചിച്ചു് സത്വരമായ നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണു്. ഇത്രയും പുരോഗതി ഇതിൽ ഉണ്ടായിട്ടുണ്ടു്. ഏറെത്താമസിയാതെ ഇതുംകൂടി പൂർത്തിയാകും. അതല്ല, ഏതെങ്കിലും കുറച്ചുഭാഗം ബാക്കികിടക്കുകയാണെങ്കിൽ അതു് മാറ്റി നിർത്തിക്കൊണ്ടു് പൂർത്തിയായ ഭാഗത്തുള്ള റിപ്പോർട്ടു് കേന്ദ്ര ഗവൺമെൻറിനു് ഏറ്റവും വേഗം സമർപ്പിക്കുന്നതാണു്. നയപരമായ ഒരു തീരുമാനമായി കേന്ദ്രഗവൺമെൻറു് എടുത്തുവെന്നുള്ളതു് പ്രധാനപ്പെട്ട ഒരു കാര്യമായി പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. സി.ടി. കൃഷ്ണൻ: സർ, ഒരു ലക്ഷത്തോളം ആളുകൾക്കു് പട്ടയം കൊടുത്തുവെന്നു് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. പാലക്കാടു് ഏതെങ്കിലും ഒരു മലയോര കർഷകനു് പട്ടയം കൊടുത്തിട്ടുണ്ടോ? പാലക്കാടു് എത്ര മലയോര കർഷകർക്കു് പട്ടയം കൊടുത്തു എന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.ജെ. ജോസഫ്: ജില്ല തിരിച്ചുള്ള കണക്ക് എന്റെ കൈയിലില്ല. ഏതായാലും പാലക്കാട് ജില്ലയിലും കൊടുത്തിട്ടുണ്ട് എന്നുള്ള കാര്യത്തിൽ സംശയമില്ല. മലയോര കർഷകർ എന്നു പറയുന്ന പേരിൽ ആളുകളും ഇല്ല. ഓരോ മേഖലകളാണ്. മലയോരങ്ങളിൽ അധിവസിക്കുന്ന ആളുകളും.....(ബഹളം)

മി. സ്പീക്കർ: പാലക്കാട് ജില്ലയിലും കൊടുത്തു, അതിന്റെ വിശദാംശങ്ങളും കൈയിലില്ല എന്ന് മന്ത്രി പറഞ്ഞിരിക്കുകയാണല്ലോ.

ശ്രീ. പി.ജെ. ജോസഫ്: വനഭൂമിയാണ് ഉദ്ദേശിക്കുന്നതെങ്കിൽ വനഭൂമിയിൽ സാങ്കേതികത്വം നിലനിൽക്കുന്നുണ്ട്. റിക്കോർഡിൽ വനഭൂമിയായിട്ടുള്ള പ്രദേശങ്ങളിൽ പട്ടയം കൊടുത്തിട്ടില്ല. അല്ലാത്ത പ്രദേശങ്ങളിൽ കൊടുത്തിട്ടുണ്ട് എന്നെനിക്ക് പറയാൻ കഴിയും. വയനാടു ജില്ലയിൽ ഞാൻതന്നെപോയി ഒരൊറ്റ ദിവസംകൊണ്ട് 4,000 ആളുകൾക്ക് പട്ടയം കൊടുക്കുകയുണ്ടായി. അതും മലയോരങ്ങളും തന്നെയാണ്. പാമ്പാറപോലുള്ള പ്രദേശങ്ങളിൽ റിക്കാർഡിൽ, കേന്ദ്ര ഗവൺമെൻറിന്റെ വന സംരക്ഷണ നിയമത്തിന്റെ തടസ്സമുള്ള പ്രദേശങ്ങളിൽ കൊടുക്കാൻ കഴിഞ്ഞിട്ടില്ല.

ശ്രീ. സി. കെ. തങ്കപ്പൻ: എനിക്കറിയാനുള്ളത് കൊടുത്ത പട്ടയത്തെ സംബന്ധിച്ചാണ്. കൊല്ലം ജില്ലയിലെ പിറവത്തൂർ പഞ്ചായത്തിൽ നമ്മുടെ ഇന്നത്തെ എസ്.ആർ.പി. നേതാവ് ആർ. പ്രകാശത്തിന്റെ കൈയിൽനിന്നും ഗവൺമെൻറ് അന്ന് ഏറ്റെടുത്ത ഭൂമി അവിടെയുള്ള 64 ഹരിജൻ കുടുംബങ്ങൾക്ക് പതിച്ച് പട്ടയം കൊടുത്തു. പിറേദിവസം അങ്ങയുടെ ഉദ്യോഗസ്ഥൻമാർ ചെന്ന് സർവ്വേ ചെയ്തു കല്ലിട്ട് കൊടുത്തു. അതിന്റെ അടുത്ത ദിവസം ഹരിജനങ്ങൾ വീടു വയ്ക്കാനായി ഉപകരണങ്ങളുമായി ചെന്നപ്പോൾ ഫോറസ്റ്റു ഉദ്യോഗസ്ഥൻമാർ പോലീസുകാരുമായിട്ടു വന്ന് അതെല്ലാം നശിപ്പിച്ചുവെന്നു മാത്രമല്ല അവരുടെ ഉപകരണങ്ങളെല്ലാം ചുട്ടുകരിച്ച് അടിയും കൊടുത്ത് കല്ലും പിഴുതുകളഞ്ഞു. ഇത് അങ്ങയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? ഇതിനെക്കുറിച്ച് എന്താണ് പറയാനുള്ളത്?

ശ്രീ. പി.ജെ. ജോസഫ്: സർ, ഇങ്ങനെയുള്ള ഒറ്റപ്പെട്ട ചില പരാതികളും ഉണ്ട്. അത്തരം കാര്യങ്ങളും എപ്പോഴും ഗവൺമെൻറ് അന്വേഷിച്ചുകൊണ്ടാണിരിക്കുന്നത്. ചില പ്രശ്നങ്ങളും ചില സ്ഥലങ്ങളിൽ ഉണ്ടായിട്ടുണ്ട്.

ഡോ. കെ.സി. ജോസഫ്: സർ, ആറ്റുപുറമ്പോക്കിൽ ആറ്റു പുറമ്പോക്കായി ഡിക്ലയർ ചെയ്തിട്ടുള്ള സ്ഥലത്ത് വർഷങ്ങളായി താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം കൊടുക്കുവാൻ എന്താണ് തടസ്സം? ഗവൺമെൻറു പ്രഖ്യാപിക്കുന്ന പല ആനുകൂല്യങ്ങളും (ഭവനനിർമ്മാണം ഉൾപ്പെടെ) അവർക്ക് ലഭിക്കാതിരിക്കുന്ന ഒരു സാഹചര്യമാണുള്ളത്. അതുകൊണ്ട് ആറ്റുപുറമ്പോക്കുകൂടി അസ്സൈനബിൾ ലാൻറായി ഡിക്ലയർ ചെയ്ത് അവർക്ക് പട്ടയം കൊടുക്കാനുള്ള നടപടികളും സ്വീകരിക്കുമോ? അതുപോലെ മലബാർ പ്രദേശത്തെ റിക്കാർഡിലുള്ള സ്വകാര്യ വനഭൂമിയിൽ 1977 ജനുവരി 1-ന് മുമ്പ് താമസി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്ന ആൾക്കാർക്ക്, പട്ടയം നൽകാനുള്ള പ്രാഥമിക നടപടികൾ എന്നുള്ള നിലയിൽ അവിടേയും ജോയിൻറ് വെരിഫിക്കേഷൻ നടത്തുവാൻ ഗവൺമെൻറു തയ്യാറാകുമോ?

ശ്രീ. പി.ജെ. ജോസഫ്: സർ, പുറമ്പോക്കു ഭൂമി 22,966 ആളുകൾക്ക് പതിച്ചുകൊടുത്തിട്ടുണ്ട്. അത് പഞ്ചായത്തിൻെറ അധീനതയിൽപ്പെട്ട സ്ഥലമാണെന്നുള്ള നിലപാടുണ്ട്. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം തർക്കങ്ങളൊക്കെ തീർത്ത് ഇത്രയും പേർക്ക് കൊടുത്തിട്ടുണ്ട്. ഇതിൽ ചെയ്യാവുന്ന കാര്യങ്ങളൊക്കെ ചെയ്തുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ള പുരോഗതിയെക്കുറിച്ച് ഞാൻ ഇവിടെ വിവരിച്ചു. ഏറ്റവുംവേഗം രണ്ട് ഘട്ടങ്ങളിലായിട്ടാണ്, ഏതെങ്കിലും സ്ഥലത്ത് അൽപ്പം പ്രയാസങ്ങളുണ്ടെങ്കിൽ അതൊക്കെ ഒഴിവാക്കിയാണ് നടപടികൾ തുടർന്നുകൊണ്ടു പോകുന്നത്. ബാക്കിയുള്ളത് മിക്കവാറുമൊക്കെ പൂർത്തിയാക്കപ്പെട്ടിട്ടുണ്ട്.

ഡോ. കെ.സി. ജോസഫ്: സ്വകാര്യവനഭൂമി എന്ന് റിക്കാർഡിൽ ഉള്ള സ്ഥലത്ത് ജോയിൻറ് വെരിഫിക്കേഷൻ അനുസരിച്ച്, വെസ്റ്റേൺ ഇൻഡ്യ അസൈൻമെൻറ് ആക്ട് അനുസരിച്ച് മലബാറിലെ നിക്ഷിപ്ത വനഭൂമിയിൽ താമസിക്കുന്ന കൃഷിക്കാർക്ക് ജനുവരി ഒന്നിനു മുമ്പ് പട്ടയം കൊടുക്കാനുള്ള നടപടിയെക്കുറിച്ചാണ് ചോദിച്ചത്.

ശ്രീ. പി.ജെ. ജോസഫ്: അക്കാര്യവും ഗവൺമെൻറിൻെറ ശ്രദ്ധയിൽ വന്നിട്ടുണ്ട്. ജോയിൻറ് വെരിഫിക്കേഷൻ നടത്തിയിട്ടുള്ളത് റിസർവ്വ് ഫോറസ്റ്റുകളിൽ മാത്രമാണ്. വെസ്റ്റേൺ ഫോറസ്റ്റിലെ കാര്യം ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ജി. വരദൻ: സർ, ഇടുക്കി ജില്ലയിൽ പട്ടയം കൊടുത്തുകൊണ്ടിരുന്ന നടപടികൾ ഇപ്പോൾ സ്റ്റേ ചെയ്തിട്ടുണ്ടെന്ന് പറയുന്നതു കേട്ടു. അത് സത്യമാണോ?

ശ്രീ. പി.ജെ. ജോസഫ്: ഇവിടെ പല രീതിയിലാണ് സാമൂഹ്യ സംരക്ഷണത്തിന് ആളുകൾ വരുന്നത്. ഇവിടെ ശ്രീ. കെ.കെ. തോമസ് സൂചിപ്പിക്കുകയുണ്ടായി; ദേവികുളത്ത് ഭൂമി പതിച്ചുകൊടുത്തതിൽ ചില ക്രമക്കേടുകൾ കണ്ടു എന്ന്. ആ പട്ടയം ക്യാൻസൽ ചെയ്യാൻ നടപടി സ്വീകരിച്ചു. അത് സ്റ്റേ ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് എൻെറ അടുത്തു വന്നു. ഞാൻ അന്വേഷിച്ചപ്പോൾ അത് പതിച്ചു കൊടുത്ത നടപടി ശരിയല്ലെന്ന് കണ്ടതുകൊണ്ട് ക്യാൻസൽ ചെയ്യാനുള്ള ഉത്തരവു കൊടുത്തു. അങ്ങനെ ക്യാൻസൽ ചെയ്യപ്പെട്ട ആൾ പ്രസിഡണ്ടായി ഒരു സമിതിയുണ്ടാക്കി. അദ്ദേഹം ഹൈക്കോടതിയിൽ ഒരു പെറ്റീഷൻ കൊടുത്തു. ഇടുക്കി ജില്ലയിലെ മുഴുവൻ പട്ടയങ്ങളും സ്റ്റേ ചെയ്യണമെന്നായിരുന്നു പെറ്റീഷൻ. പട്ടയം ക്യാൻസൽ ചെയ്യപ്പെട്ട ആൾ തന്നെയായിരുന്നു പെറ്റീഷണർ. അയാൾ സാമൂഹ്യ സംരക്ഷണ സമിതിയുടെ പ്രസിഡണ്ടായിട്ടാണ് വന്നിരിക്കുന്നത്.

ശ്രീ. എ.കെ. പത്മനാഭൻ: സർ, സാങ്കേതിക തടസ്സങ്ങളെക്കുറിച്ചാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. കോഴിക്കോട് ജില്ലയിൽ വിതരണത്തിനായി നീക്കിവെച്ച കൂത്താളി ഭൂമിയുടെ കാര്യം ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമോ; അതിന് എന്താണ് തടസ്സം?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.ജെ. ജോസഫ്: ശ്രീ. പത്മനാഭൻ പറഞ്ഞ കാര്യത്തിനു വേണ്ടി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇപ്പോഴ അവിടെ പട്ടയം കൊടുക്കണമെങ്കിൽ അവിടെയുള്ള ആളുകളെയെല്ലാം ഒഴിവാക്കണം. ഒഴിവാക്കിക്കൊണ്ട് കൊടുക്കാനുള്ള നടപടി സ്വീകരിക്കുകയാണ്.

ശ്രീ. സി.കെ. തങ്കപ്പൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. സി.പി. മൂസ്സാൻകുട്ടി അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ.ടി. കണാരൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. ലോനപ്പൻ നമ്പാടൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. എ. കെ. പത്മനാഭൻ അവതരിപ്പിച്ച ''കേരളത്തിലെ മലയോര കൃഷിക്കാരിൽ അർഹരായവർക്ക് പട്ടയം നൽകുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ഈ സഭ ഗവൺമെൻറിനോടാവശ്യപ്പെടുന്നു'' എന്ന പ്രമേയം ഐകകണ്ഠ്യേന സഭ അംഗീകരിച്ചു.

(2) പരമ്പരാഗത വ്യവസായ മേഖലകളുടെ പുനഃസംഘടന

ശ്രീ. ഒ. ഭരതൻ: സർ, ഞാനെൻറ പ്രമേയം അവതരിപ്പിക്കുകയാണ്. ''സംസ്ഥാനത്തെ കയർ, കശുവണ്ടി, കൈത്തറി, ഈറ എന്നീ പരമ്പരാഗത വ്യവസായമേഖലയാകെ സ്തംഭനത്തെയും തകർച്ചയെയും അഭിമുഖീകരിക്കുന്നതിനാൽ, ഈ മേഖലകളിൽ ജോലി ചെയ്യുന്ന ലക്ഷക്കണക്കിന് തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും അർദ്ധപ്പട്ടിണിയിലും മുഴുപ്പട്ടിണിയിലും അകപ്പെട്ടിരിക്കുന്നുവെന്ന കാര്യം പരിഗണിച്ച് ഈ ഓരോ വ്യവസായ മേഖലയിലും, തൊഴിലാളികളുടെ ന്യായമായ പ്രാതിനിധ്യമുള്ള ഓരോ വിദഗ്ദ്ധ കമ്മിറ്റിയുണ്ടാക്കി, വിശദമായ അന്വേഷണ പഠനങ്ങൾ നടത്തി ലഭിക്കുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഈ പരമ്പരാഗത വ്യവസായമേഖലകൾ പുനഃസംഘടിപ്പിക്കുന്നതിന് ഒരു സമയ ബന്ധിത പരിപാടി തയ്യാറാക്കി നടപ്പിലാക്കണമെന്ന് ഈ സഭ ഗവൺമെൻറിനോട് അഭ്യർത്ഥിക്കുന്നു''.

ഈ പ്രമേയംതന്നെ സ്വയം വിശദമാക്കുന്നതായതുകൊണ്ട്, വളരെ ദീർഘിപ്പിച്ച് ഇതിൻെറ ഉള്ളടക്കത്തെക്കുറിച്ച് സംസാരിക്കണമെന്ന് ഞാനുദ്ദേശിക്കുന്നില്ല. നമ്മുടെ സംസ്ഥാനം സാമ്പത്തികമായും വ്യാവസായികമായും വളരെയേറെ പിന്നോക്കം നിൽക്കുന്ന ഒരു സംസ്ഥാനമാണെന്ന് എല്ലാവർക്കും അറിയാം. ഇൻഡ്യയിലെ ജനസംഖ്യയുടെ നാലു ശതമാനം ആളുകൾ അധിവസിക്കുന്ന ഒരു സംസ്ഥാനമാണ് നമ്മുടേത്. പക്ഷേ ഇൻഡ്യാ ഗവൺമെൻറ് ഈ പൊതുമേഖലാവ്യവസായരംഗത്ത് മുതൽമുടക്കുന്ന ആകെ സംഖ്യയുടെ 2.9 ശതമാനം മാത്രമാണ് കേരളത്തിൽ ഇതുവരെ അനുവദിച്ചിട്ടുള്ളത്. അങ്ങനെ അനുവദിക്കുന്നതുതന്നെ ഓരോ കൊല്ലംതോറും വീണ്ടും കുറഞ്ഞു കുറഞ്ഞു വരികയാണ്. അതിൻെറ ഫലമായിട്ട് നമ്മുടെ സംസ്ഥാനത്തിൻെറ അവസ്ഥ വളരെയേറെ മൂർച്ഛിച്ചുകൊണ്ടിരിക്കുകയാണെന്നുള്ള കാര്യം സംശയാതീതമാണ്. നമ്മുടെ സംസ്ഥാനത്തെ സംബ

LIBRARY ARCHIVES Kerala Legislative Assembly